# സഹ്യനാദം

ലക്കം 9 | സെപ്റ്റംബർ 2023 | വാല്യം 20

ഇടുക്കി രൂപതാ ബുള്ളറ്റിൻ



പരിശുദ്ധ കന്യകാ മറിയത്തിന്റെ

## ജനന തിരുനാൾ

സെപ്റ്റംബർ 8



പാസ്റ്ററൽ-ഫൊറോനാ കൗൺസിലുകളുടെ സംയുക്ത സമ്മേളനം

വൈദികരുടെ സ്റ്റഡി ഫോറം



നെടുങ്കണ്ടം



അടിമാലി



കെ.സി.എസ്.എൽ ലീഡേഴ്സ് ക്യാമ്പ്

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 20**
**Issue No. : 9**
**Month : September 2023**




### ഈ ലക്കത്തിൽ

| | |
|---|---|
| എട്ടുനോമ്പാചരണവും മരിയൻ തീർത്ഥാടനവും | 05 |
| പ്രഥമ രൂപതായോഗം | 07 |
| നാളാഗമം | 10 |
| BISHOP'S ENGAGEMENTS | 13 |
| കച്ചേരി വാർത്തകൾ | 14 |
| മൈനർ സെമിനാരി | 18 |
| സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ | 18 |
| സന്ന്യസ്തർ | 20 |
| ക്രിസ്തുജ്യോതി | 34 |
| വിദ്യാഭ്യാസം | 35 |
| പാവനാത്മാ കോളേജ് | 36 |
| മാർ സ്ലീവാ കോളേജ് | 37 |
| സാമൂഹ്യസേവനം | 39 |
| കെ. സി. എസ്. എൽ. | 40 |
| തിരുബാലസഖ്യം | 42 |
| ചെറുപുഷ്പ മിഷൻലീഗ് | 44 |
| കെ. സി. വൈ. എം. | 48 |
| മാതൃവേദി | 49 |
| വിമൻസ് കമ്മീഷൻ | 54 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 55 |
| കുടുംബക്കൂട്ടായ്മ | 58 |
| കത്തോലിക്കാ കോൺഗ്രസ് | 59 |
| കെയർ | 61 |
| മദ്യവിരുദ്ധ സമിതി | 62 |
| ആത്മജ്യോതി | 63 |
| കരുണ ആനിമേഷൻ സെന്റർ | 64 |
| വാർത്തകളും വിശേഷങ്ങളും | 65 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 67 |

*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*
Media commission, Idukki

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com

***"Love alone extinguishes hatred. Love alone ultimately triumphs over injustice. Love alone makes room for others. Love alone is the path towards full communion among us."***

*Pope Francis, Tweet, 14-08-2023*

# ഓർമ്മിക്കാൻ

## സെപ്റ്റംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | എട്ടുനോമ്പാരംഭം |
| 01–03 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 02 | : | മരിയൻ തീർത്ഥാടനം, രാജകുമാരി |
| 03 | : | ഏലിയാ-സ്ലീവാ-മൂശക്കാലം ആരംഭിക്കുന്നു |
| 05 | : | കൊൽക്കത്തയിലെ വി. തെരേസ |
| 08 | : | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 10 | : | സൺഡേ സ്കൂൾ ഫസ്റ്റ് ടേം പരീക്ഷ |
| 10–14 | : | ദൈവകരുണയുടെ വിശുദ്ധീകരണ ധ്യാനം: കരുണ, നെടുംകണ്ടം |
| 13 | : | വി. ജോൺ ക്രിസോസ്തോം |
| 14 | : | വി. കുരിശിന്റെ പുകഴ്ച |
| 20–24 | : | പ്രവാചക മധ്യസ്ഥ പ്രാർത്ഥനാ ധ്യാനം: കരുണ, നെടുംകണ്ടം |
| 21 | : | വി. മത്തായി ശ്ലീഹാ |
| 27 | : | വി. വിൻസെന്റ് ഡി പോൾ |
| 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | : | വി. ജെറോം |
| | : | വി. കൊച്ചുത്രേസ്യ (1 ഞായർ) |

**C. 27. സർക്കുലർ**

# എട്ടുനോമ്പാചരണവും മരിയൻ തീർത്ഥാടനവും

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

തീർത്ഥാടനങ്ങളും നോമ്പാചരണവും നമ്മുടെ വിശ്വാസ ജീവിതത്തിന്റെ സുപ്രധാന തലങ്ങളാണ്. യഹൂദ പാരമ്പര്യത്തിലും ക്രൈസ്തവ പാരമ്പര്യത്തിലും നിരവധി തീർത്ഥാടനങ്ങൾ നാം കാണുന്നുണ്ട്. തീർത്ഥാടകരുടെ സങ്കീർത്തനമായി പരിഗണിക്കപ്പെടുന്ന 122-ാം സങ്കീർത്തനത്തിൽ നാം ഇപ്രകാരം ആലപിക്കുന്നു: ‘‘കർത്താവിന്റെ ആലയത്തിലേക്കു നമുക്കു പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ജറുസലെമേ, ഇതാ ഞങ്ങൾ നിന്റെ കവാടത്തിനുള്ളിൽ എത്തിയിരിക്കുന്നു’’ (സങ്കീ. 122:12).

പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാൾ നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും ഏറെ ഭക്ത്യാദരപൂർവ്വം നാം ആഘോഷിക്കാറുണ്ടല്ലോ. എട്ടു ദിവസം നോമ്പെടുത്തും, കുമ്പസാരിച്ചും, വിശുദ്ധ കുർബാനയിൽ പങ്കുചേർന്നും, ജപമാല ചൊല്ലിയും, ഉപവി പ്രവർത്തനങ്ങൾ നടത്തിയുമാണ് നാം എട്ടുനോമ്പാചരണം നടത്തുന്നത്. സാധിക്കുന്ന ഏവരും ഈ നോമ്പാചരണത്തിൽ സജീവമായി പങ്കുചേരണം.

എട്ടുനോമ്പിനോടനുബന്ധിച്ച് നമ്മൾ രൂപതാതല മരിയൻ തീർത്ഥാടനം ആരംഭിച്ചത് 2019-ലാണ്. ഈ വർഷത്തെ രൂപതാതല തീർത്ഥാടനം സെപ്റ്റംബർ രണ്ടാം തീയതിയാണ് ക്രമീകരിച്ചിരിക്കുന്നത്. രൂപതാതലത്തിൽ നമ്മളൊരുമിച്ച് നടത്തുന്ന ഈ തീർത്ഥാടനത്തിലേക്ക് നിങ്ങളേവരെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. രൂപതയിലെ എല്ലാ വൈദികരും, സമർപ്പിതരും, കഴിയുന്നത്ര വിശ്വാസി സമൂഹവും ഈ തീർത്ഥാടനത്തിൽ പങ്കുചേരണം.

ഇടുക്കി രൂപത ഒരു കുടുംബമായി രാജാക്കാട് നിന്നും രാജകുമാരി മരിയൻ തീർത്ഥാടന ദൈവാലയത്തിലേക്ക്, കാൽനടയായി,

ജപമാല ചൊല്ലി, തീർത്ഥാടനം നടത്തുന്ന ഈ വലിയ ദിനത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവ് അന്നേദിനം വി. കുർബാനയർപ്പിച്ച് സന്ദേശം നല്കും.

നടക്കുവാൻ ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് രാജകുമാരി ടൗണിൽ വച്ച് തീർത്ഥാടനത്തിൽ പങ്കുചേരാവുന്നതാണ്. ''മറിയം തിടുക്കത്തിൽ യാത്ര പുറപ്പെട്ടു'' (ലൂക്കാ 1:39) എന്ന തിരുവചനമാണ് ഈ വർഷത്തെ രൂപതാ തീർത്ഥാടനത്തിന്റെ പ്രമേയം.

പരിശുദ്ധ അമ്മയുടെ വലിയ മാദ്ധ്യസ്ഥ്യം രൂപതയിലെ എല്ലാ കുടുംബങ്ങൾക്കു വേണ്ടിയും നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

# പ്രഥമ രൂപതായോഗം

ഈശോയിൽ സ്നേഹംനിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

ഒരുമിച്ച് വിളിക്കപ്പെട്ട, യോഗം ചേർക്കപ്പെട്ടവരുടെ ഗണമാണ് സഭ (CCC 752). Ekklesia എന്ന ഗ്രീക്ക് പദം ഇതാണ് വിവക്ഷിക്കുന്നത്. സഭ ലോകത്തിൽ ദൈവരാജ്യ സന്ദേശവാഹകയും പ്രേഷിതരുടെ സമൂഹവുമാണ് (CCC 857). നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബങ്ങളിലും ഇടവക സമൂഹങ്ങളിലും സമർപ്പിത സമൂഹങ്ങളിലും സഭാസംവിധാനങ്ങളിലും നവീകരണത്തിന്റെയും ഒരുമിച്ചുള്ള പ്രയാണത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റേയും മനോഭാവങ്ങൾ വളർത്തുന്ന പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും ഈശോയിലുള്ള പ്രത്യാശയോടെ നടപ്പിൽ വരുത്തുകയും വേണം. ഈ ലക്ഷ്യത്തോടെ സഭയുടെ പൊതുനിയമം CCEO 235-242 അനുശാസിക്കും വിധത്തിൽ നമ്മുടെ രൂപതയിൽ എപ്പാർക്കിയൽ അസംബ്ലി 2023 നവംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തുകയാണ്.

ഇടുക്കി രൂപതയാകുന്ന പ്രാദേശികസഭ നിത്യജീവൻ ലക്ഷ്യമാക്കിയുള്ള തന്റെ തീർത്ഥാടനത്തിന്റെ ഭാഗമായി നിരവധി അജപാലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. രൂപതയിലെ വൈദികരുടെ വിശ്വസ്തതാപൂർവ്വകവും ക്രിയാത്മകവുമായ സഹകരണത്തോടെയും സമർപ്പിത സമൂഹങ്ങളുടെ ത്യാഗനിർഭരമായ ശുശ്രൂഷകളിലൂടെയും അല്മായ വിശ്വാസികളുടെ സജീവ പങ്കാളിത്തത്തോടെയും ഒരു രൂപതയെന്ന നിലയിൽ നാം പ്രയാണം ചെയ്യുകയാണ്.

നമ്മുടെ ഒരുമിച്ചുള്ള യാത്രയാണ് നമ്മുടെ വിശ്വാസത്തിനു കരുത്ത് പകരുന്നത്. പരസ്പരം ശ്രവിക്കുകയും, ആലോചനകൾ നടത്തുകയും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ഉചിതമായ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോവുകയും ചെയ്യുമ്പോഴാണ് നമുക്കും നമ്മുടെ രൂപതയ്ക്കും ഈശോയുടെ സുവിശേഷത്തിന് സജീവസാക്ഷ്യമായി വളരാൻ സാധിക്കുന്നത്. സഭയെ പടുത്തുയർ

ത്തുന്നതിൽ ഏവർക്കും തുല്യ പങ്കാണുള്ളത്. സഭ ഈശോയുടെ ശരീരമാണ്; നാമെല്ലാവരും അതിലെ അവയവങ്ങളുമാണ് (1 കൊറി 12:27).

കാലഘട്ടത്തിന്റെ പ്രത്യേകതകളെ തിരിച്ചറിഞ്ഞ് അജപാലന മേഖല നവീകരിക്കുന്നതിനും പ്രേഷിത ദൗത്യബോധത്തോടെ മുന്നേറുന്നതിനും ദൈവാരൂപിയുടെ സഹായത്താൽ ഉചിതമായ തീരുമാനമെടുക്കുന്നതിനുമായി രൂപതാ കുടുംബം മുഴുവൻ എപ്പാർക്കിയൽ അസംബ്ലിയിൽ പ്രാതിനിധ്യസ്വഭാവത്തോടെ ഒന്നുചേരുകയാണ്.

2023 ഒക്ടോബർ മാസത്തിൽ റോമിൽ വച്ച് നടക്കുന്ന മെത്രാൻ സിനഡിന്റെയും 2024-ൽ നടക്കുന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടേയും 2022 മുതൽ 2025 വരെ നാം ആചരിക്കുന്ന കേരളസഭാ നവീകരണത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ രൂപതായോഗം നടക്കുന്നത്.

ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ സുവിശേഷം പങ്കുവയ്ക്കുക എന്ന അടിസ്ഥാന ദൗത്യം വിശ്വസ്തതാപൂർവം നാം നിർവഹിക്കേണ്ടിയിരിക്കുന്നു. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:13) എന്ന ദൗത്യം എല്ലാ ക്രൈസ്തവരുടേതുമാണ്. സുവിശേഷപ്രഘോഷണം ഇല്ലെങ്കിൽ സഭയില്ല. വിശ്വാസത്തിനുവേണ്ടി ധീരരക്തസാക്ഷിത്വം വരിച്ച ശ്ലീഹന്മാരുടെയും മിഷനറിമാരുടെയും മാതൃക സഭയ്ക്കെന്നും പ്രചോദനവും വഴികാട്ടിയുമാണ്.

''കുടുംബങ്ങളിലെ അജപാലന സാക്ഷ്യം, യുവജന പ്രേഷിതത്വം'' എന്നീ രണ്ടു വിഷയങ്ങളാണ് രൂപതാ അസംബ്ലിയിൽ പ്രധാനമായും ചർച്ച ചെയ്യപ്പെടുന്നത്. ഈ വിഷയങ്ങളെക്കുറിച്ച് പഠിച്ച് കമ്മിറ്റി അവതരിപ്പിക്കുന്ന പഠനരേഖ നമ്മുടെ കൂട്ടായ്മകളിലും ഇതര തലങ്ങളിലും ചർച്ച ചെയ്തു ലഭിക്കുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിലായിരിക്കും നമ്മുടെ അജപാലന ശൈലികളെപ്പറ്റിയുള്ള രൂപതാതല ചർച്ചകൾ നടത്തുന്നതും കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതും. 2023 ആഗസ്റ്റ് 10 മുതൽ 2023 സെപ്റ്റംബർ 15 വരെയുള്ള തീയതികളിൽ ഇടവകതലത്തിൽ കുടുംബക്കൂട്ടായ്മകൾ, മതബോധനം, ഭക്തസംഘടനകൾ, പ്രതിനിധി യോഗങ്ങൾ തുടങ്ങിയ വേദികളിൽ എപ്പാർക്കിയൽ അസംബ്ലിയുടെ പഠനരേഖ ചർച്ച ചെയ്യുകയും റിപ്പോർട്ട്

രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. സഭയോടു ചേർന്ന് മുന്നോട്ട് പ്രയാണം ചെയ്യുവാൻ വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ നമുക്ക് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ച് കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യാം.

രൂപതാ അസംബ്ലി രൂപതയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു യോഗമാണ്. ഇടുക്കി രൂപത സ്ഥാപിതമായതിന്റെ രജത ജൂബിലിക്ക് ഒരുക്കമായുള്ള കർമ്മപദ്ധതികൾ രൂപപ്പെടുന്ന വേദിയാണിത്. ഈ അസംബ്ലിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ ആത്മാവിനാൽ നിറയാൻ നമുക്ക് പ്രാർത്ഥിക്കാം. പ്രഥമ രൂപതാ യോഗത്തിന്റെ വിജയത്തിനായി നമുക്ക് ഒന്നു ചേർന്ന് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

നമ്മുടെ ഇടവകകളിലും ഭവനങ്ങളിലും 2023 സെപ്റ്റംബർ 8 മുതൽ രൂപതാ അസംബ്ലിയുടെ വിജയത്തിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ-നവംബർ മാസത്തിലെ ഒരു ദിനം 13 മണി ആരാധനയ്ക്കായി ഓരോ ഇടവകയും മാറ്റിവയ്ക്കേണ്ടതാണ്.

എപ്പാർക്കിയൽ അസംബ്ലി പരിശുദ്ധാത്മാവിനാൽ പ്രചോദിതമായും, നയിക്കപ്പെടുന്നതുമായ സഭയുടെ ഒരു പ്രവൃത്തിയാണ്. രൂപതാ കൂട്ടായ്മയുടെ വളർച്ചയ്ക്കുപകരിക്കുംവിധം ഈ അസംബ്ലിയും അതിനോടനുബന്ധിച്ച് നടക്കുന്ന ചർച്ചകളും പഠനങ്ങളും നമ്മുടെ രൂപതയുടെ ഒരുമിച്ചുള്ള യാത്രയിൽ പരസ്പരം ശ്രവിച്ചും പങ്കുവെച്ചും സിനഡാത്മകതയിൽ വളരുവാനും രൂപതാ കൂട്ടായ്മ ശക്തിപ്പെടുവാനും സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട്,

മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

| | | ജൂലൈ 2023 |
|---|---|---|
| 27/07/2023 | 04.30 am | അൽഫോൻസാമ്മയുടെ തീർത്ഥാടന കേന്ദ്രമായ ഭരണങ്ങാനം സെന്റ് മേരിസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 28/07/2023 | 08.30 pm | ബഹുമാനപ്പെട്ട മാത്യു തെക്കേമുറിയിൽ അച്ചന്റെ വത്സല പിതാവ് ശ്രീ. ഫിലിപ്പിന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30/07/2023 | 10.00 am | തക്കല രൂപതാ നാഗർകോവിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിൽ തമിഴിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. |
| 31/07/2023-04/08/2023 | | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. |
| | | **ആഗസ്റ്റ് 2023** |
| 05/08/2023 | 10.00 am | സി. ഹിത FCC, സി. വിജി ഗ്രേയ്സ് FCC എന്നിവരുടെ വത്സല പിതാവ് കെ.വി. വർഗീസ് കൊച്ചുനിരവത്തിന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| 05/08/2023 | 3.30 pm | പാറത്തോട് സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന ജോർദാനിയ മാമ്മോദീസായ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 05/08/2023 | 07.30 am | അടിമാലി വിയാനി ഭവനിൽ സംഘടിപ്പിച്ച വിയാനി ഡേ ആഘോഷത്തിൽ പങ്കെടുത്തു. |
| 06/07/2023 | 2.00 pm | ഇരട്ടയാർ സെന്റ് തോമസ് ഇടവകാംഗമായ പാറയിൽ ആൻ മരിയ ജോയിയുടെ മൃത സംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| 07/08/2023 | 03.00 pm | മാള സെന്റ് സ്റ്റാൻസിലാവുസ് ഫൊറോന പള്ളിയിൽ വച്ച് നടന്ന കുഴിപ്പിള്ളിൽ ഡാനിയേലിന്റെയും മഞ്ഞാളിൽ ഡിവൈനിന്റെയും മനഃസമ്മതത്തിൽ പങ്കെടുത്തു. |
| 08/08/2023 | 08.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു. |
| 09/08/2023 | 10.00 am | എസ്.എ.ബി.എസ്. ജയ്മാതാ പ്രൊവിൻസ് അംഗമായ റവ. സി. അൽബി പാലക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ ബലിയർപ്പിച്ച് തുടർന്നുള്ള തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 02.00 pm | നെടുംകണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന വൈദികരുടെ സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു. |
| 10/08/2023 | 04.30 pm | അടിമാലി ഇടവകാംഗമായ കാട്ടാംകോട്ടിൽ രഞ്ജിത്തിന്റെ മകൾ മറിയത്തിന് മമ്മോദീസാ നൽകി. |
| 13/08/2023 | 04.00 pm | മണിപ്പൂർ നിവാസികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അടിമാലിയിൽ വച്ച് നടന്ന ക്രൈസ്തവ സമൂഹങ്ങളുടെ സമാ |

| | | |
|---|---|---|
| | | ധാന സന്ദേശ യാത്ര ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. |
| 14/08/2023 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 15/08/2023 | | ഇരട്ടയാറിൽ വച്ച് നടന്ന വിശ്വാസ സംരക്ഷണ റാലിയും സ്വാതന്ത്ര്യ സദസ്സും ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തി. |
| | 7.30 pm | മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് സംയുക്തമായി നടന്ന പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിലും വിയാനി ഡേയിലും ഇന്ത്യൻ സ്വാതന്ത്ര്യ ദിനഘോഷത്തിലും പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു. |
| 17/08/2023 | 10.30 am | ഫ്രാൻസിസ് ചുനയമ്മാക്കൽ അച്ചന്റെ വത്സല മാതാവ് ഇത്താമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സിമിത്തേരി ചാപ്പലിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 19/08/2023 | 10.30 am | ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിലിന്റെയും ഫൊറോന കൗൺസിലുകളുടെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| | 05.00 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 07.00 pm | തങ്കമണി ഇടവകാംഗമായ തെക്കേൽ ജോർജിന്റെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| 20/08/2023 | 11.00 am | കടമ്പനാട്ട് ഷാജി - ബീന ദമ്പതികളുടെ വിവാഹ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ആശംസകൾ നൽകി. |

# BISHOP'S ENGAGEMENTS

**സെപ്റ്റംബർ 2023**

02 മരിയൻ തീർത്ഥാടനം, രാജകുമാരി

05 മരിയാപുരം

08 വി. കുർബാന, രാജകുമാരി

09 വിവാഹം, കഞ്ഞിക്കുഴി

അടിമാലി, സി.എം.സി.

15 വി. കുർബാന, എല്ലക്കൽ

ചങ്ങനാശ്ശേരി

18 ഇരട്ടയാർ

19 വി. കുർബാന, തങ്കമണി

21 സ്കൂൾ വെഞ്ചെരിപ്പ്, മുരിക്കാശ്ശേരി

## C. 69/23 3-ാമത് മരിയൻ തീർത്ഥാടനം

2023 സെപ്റ്റംബർ 2-ാം തീയതി ശനിയാഴ്ച രാജാക്കാട് ക്രിസ്തുരാജാ ഫൊറോന ദൈവാലയത്തിൽ നിന്നും രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിലേക്ക് രൂപതാതല മരിയൻ തീർത്ഥാടനം നടത്തപ്പെടുന്നു. ഈ തീർത്ഥാടനത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു. ഭക്തിനിർഭരമായ വിധത്തിൽ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ എല്ലാ ഇടവകകളും ഭക്തസംഘടനകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*Proto Syncellus*

## C. 70/23 Presbyteral Council

An ordinary meeting of the Presbyteral Council of our Eparchy will be held on the 12th of September (Tuesday) at Bishop's House, Karimpan from 10.30 am onwards. All the members of the Presbyteral Council are requested to participate in this meeting. The topics to be included in the agenda may be sent to the secretary of the Presbyteral Council before 8th September.

*Chancellor*

## C. 71/23 Monthly Recollection for Priests

സെപ്റ്റംബർ മാസത്തെ പഠനവിഷയം-എപ്പാർക്കിയൽ അസംബ്ലിയുടെ കരട് മാർഗരേഖാ വിഷയമായ **കുടുംബങ്ങളിലെ അജപാലന സാക്ഷ്യവും യുവജനങ്ങളുടെ പ്രേഷിതദൗത്യവും** എന്നത് മാസധ്യാനത്തിൽ ബഹു. വൈദികർ ഒരുമിച്ച് ചർച്ച് ചെയ്യുക.

*Proto Syncellus*

## C. 72/23 രൂപതാ പാസ്റ്ററൽ കൗൺസിൽ - ഫൊറോന കൗൺസിൽ സംയുക്ത സമ്മേളന റിപ്പോർട്ട്

രൂപതാ പാസ്റ്ററൽ കൗൺസിലിന്റേയും ഫൊറോന കൗൺസിലുകളുടേയും സംയുക്തയോഗം ആഗസ്റ്റ് മാസം പത്തൊ

മ്പതാം തീയതി ശനിയാഴ്ച ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. 13 ഫൊറോനകളിൽ നിന്നായി 202 പേർ ആദ്യാവസാനം ഈ കൂട്ടായ്മയിൽ പങ്കെടുത്തു. സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സി. ആനിപോൾ സി.എം.സി. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ രൂപത സിഞ്ചെലൂസ് മോൺ. ജോസ് കരിവേലിക്കൽ സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ പിതാവ് സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ട് ജോയിന്റ് സെക്രട്ടറി ഷാജി വൈക്കത്തുപറമ്പിൽ അവതരിപ്പിച്ച് പാസ്സാക്കി. പാലക്കാട് രൂപതാംഗമായ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ സമുദായശക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. ക്രൈസ്തവ സമൂഹം ഒരുമിച്ചു നിന്ന് കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കണമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് വിവിധ അംഗങ്ങൾ ഈ വിഷയത്തിലുള്ള ആശങ്കകളും അഭിപ്രായങ്ങളും പങ്കുവച്ചു. സി. അൽഫോൻസ എസ്.എ.ബി.എസ്. നയിച്ച പ്രാർത്ഥനയോടെ ഉച്ചഭക്ഷണത്തിനായി യോഗം പിരിഞ്ഞു.

ഉച്ചകഴിഞ്ഞ് അംഗങ്ങൾ പരസ്പരം പരിചയപ്പെടുകയും തുടർന്ന് നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന രൂപതാ അസംബ്ലിയെക്കുറിച്ച് ജനറൽ കൺവീനറും രൂപത പ്രോട്ടോസിഞ്ചെലൂസുമായ മോൺ. ജോസ് പ്ലാച്ചിക്കൽ സംസാരിച്ചു. ഇദംപ്രഥമമായി രൂപതയിൽ നടത്തപ്പെടുന്ന അസംബ്ലിയുടെ ആവശ്യകതയെക്കുറിച്ചും അതിന്റെ നടത്തിപ്പിന്റെ വിവിധ വശങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി അംഗങ്ങളെ ധരിപ്പിച്ചു. തുടർന്ന് രൂപതാ കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഹൃദയനിലങ്ങൾ എന്ന ദൈവവചനം ഹൃദിസ്ഥമാക്കൽ പരിപാടിയെക്കുറിച്ച് കുടുംബകൂട്ടായ്മ രൂപതാ പ്രസിഡണ്ട് സംസാരിച്ചു. സെപ്റ്റംബർ രണ്ടാം തീയതി രാജാക്കാട് നിന്നും രാജകുമാരിയിലേക്കു നടക്കുന്ന മരിയൻ തീർത്ഥാടനത്തെക്കുറിച്ച് ജനറൽ കൺവീനറും സിഞ്ചെലൂസുമായ മോൺ. അബ്രാഹം പുറയാറ്റ് വിശദീകരിച്ചു. തീർത്ഥാടനത്തിനാവശ്യമായ മുഴുവൻ ക്രമീകരണത്തെക്കുറിച്ചും അദ്ദേഹം യോഗത്തെ അറിയിച്ചു. അതിനുശേഷം നടന്ന പൊതു ചർച്ചയിൽ റോസക്കുട്ടി അബ്രാഹം, ബിജു തോവാള, സി. അൽഫോൻസ, സി. സുഗുണ, ടോമി കണ്ട

ത്തിൽ, ഷൈനി മാവേലിൽ, ജോബി മലേക്കുടിയിൽ, ജോസുകുട്ടി മാടപ്പിള്ളിൽ, ജെയ്സൺ, ജോസ് കൂട്ടുങ്കൽ എന്നിവർ ആനുകാലിക പ്രസക്തങ്ങളായ വിവിധ വിഷയങ്ങൾ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. സമാപന സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് പ്രസ്തുത വിഷയങ്ങളെക്കുറിച്ച് മറുപടി പറയുകയും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട വിഷയങ്ങളെക്കുറിച്ച് പഠിക്കുമെന്ന് അറിയിക്കുകയും ചെയ്തു. നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന പ്രഥമ രൂപതാ അസംബ്ലിയെക്കുറിച്ചും മൂന്നാമത് രാജകുമാരി മരിയൻ തീർത്ഥാടനത്തെക്കുറിച്ചും പിതാവ് അംഗങ്ങളെ വീണ്ടും ഓർമ്മിപ്പിച്ചു. രൂപതയിൽ നടക്കുന്ന വിവിധ കർമ്മപദ്ധതികളെക്കുറിച്ച് അദ്ദേഹം അംഗങ്ങളുമായി സംസാരിച്ചു. വിൻസെന്റ് ഡിപോൾ രൂപതാ പ്രസിഡണ്ട് സണ്ണി കടുകമ്മാക്കൽ യോഗത്തിന് നന്ദി പറയുകയും കരിസ്മാറ്റിക് നവീകരണം രൂപതാ കോർഡിനേറ്റർ ജോസ് കൂട്ടുങ്കൽ സമാപനപ്രാർത്ഥന നടത്തുകയും ചെയ്തു. പരിപാടികൾക്ക് ജെറിൻ പട്ടാംകുളം, മേഴ്സി സണ്ണി കരിവേലിക്കൽ എന്നിവർ നേതൃത്വം നൽകി.

*പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി*

## C. 68/23 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. മാത്യു തൊട്ടിയിൽ | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു അരീപ്ലാക്കൽ | ,, |
| റവ. ഫാ. മാത്യു ചെറുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തടത്തിൽ | ,, |
| റവ. ഫാ. മാത്യു തറമുട്ടം | ,, |
| റവ. ഫാ. മാത്യു വളവനാൽ | ,, |
| റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ | ,, |
| റവ. ഫാ. മാത്യു പുതുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു അഴകനാക്കുന്നേൽ | ,, |
| റവ. ഫാ. മാത്യു അരയത്തിനാൽ | ,, |
| റവ. ഫാ. മാത്യു കുഴികണ്ടത്തിൽ | ,, |
| റവ. ഫാ. മാത്യു പൊന്നമ്പേൽ | ,, |
| റവ. ഫാ. മാത്യു വെങ്ങാലൂർ | ,, |
| റവ. ഫാ. മാത്യു മടുക്കക്കുഴി | ,, |

| | |
|---|---|
| റവ. ഫാ. മാത്യു ഞവരക്കാട്ട് | ,, |
| റവ. ഫാ. മാത്യു മേയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തകരപ്പിള്ളിൽ | ,, |
| റവ. ഫാ. മാത്യു വയലിപറമ്പിൽ CMI | ,, |
| റവ. ഫാ. മാത്യു കാട്ടുപാലത്ത് | ,, |
| റവ. ഫാ. മാത്യു മണ്ണുകുളത്ത് | ,, |
| റവ. ഫാ. മാത്യു പുളിയാങ്കൽ | ,, |
| റവ. ഫാ. മാത്യു പഴുക്കുടിയിൽ | ,, |
| റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ | സെപ്റ്റംബർ 27 |
| റവ. ഫാ. മൈക്കിൾ മാളിയേക്കൽ | സെപ്റ്റംബർ 29 |

*Bishop*

# മൈനർ സെമിനാരി

## MS. 16/23 ആഗസ്റ്റ് 15 ആഘോഷിച്ചു

പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും, വിയാനി പുണ്യവാളന്റെ തിരുനാളും ഇന്ത്യൻ സ്വതന്ത്ര്യ ദിനവും സംയുക്തമായി ആചരിച്ചു. വൈകുന്നേരം നടന്ന മീറ്റിംഗിൽ പഞ്ചായത്ത് മെമ്പർ ശ്രീ വിൻസെന്റ് വള്ളാടിയിൽ മുഖ്യാതിഥിയായിരുന്നു. കലാപരിപാടികളിലും സ്നേഹവിരുന്നിലും പങ്കു ചേർന്ന അഭിവന്ദ്യ പിതാവിന്റെയും മറ്റു വൈദികരുടെയും സാന്നിധ്യം സെമിനാരി കുടുംബത്തിന് അനുഗ്രഹമായി.

# സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ പ്രോഗ്രാം

## FY. 27/23

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. വികാരി ജനറാൾ പെ. ബഹു. ജോസ് കരിവേലിക്കലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും തുടർന്നുള്ള യോഗത്തിന് മുഖ്യസ്ഥാനം അലങ്കരിക്കുകയും ചെയ്തു. രാജാക്കാട് ഫൊറോനയിലെ എല്ലാ വൈദികരെയും ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## FY. 28/23

മിഷൻലീഗ് രാജാക്കാട് മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട വിയാനി ഡേയിൽ ബ്രദേഴ്സിന്റെ സജീവമായ പങ്കാളിത്തമുണ്ടായിരുന്നു.

## FY. 29/23

വി. ലൂയിസ് മോൺഫോർട്ട് നിർദേശിച്ച വിമലഹൃദയ പ്രതിഷ്ഠയുടെ മുപ്പത്തിമൂന്ന് ദിനത്തിന്റെ ഒരുക്ക പ്രാർത്ഥന ഓഗസ്റ്റ് 6 ന് ആരംഭിച്ചു.

## FY. 30/23

ഇടവകയോടൊപ്പം രണ്ടു ദിനങ്ങൾ: എല്ലക്കൽ അൽഫോൻസാ ദൈവാലയത്തിൽ ഇടവക തിരുനാളിന്റെ ഭാഗമായി വൈദിക വിദ്യാർത്ഥികൾ തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും സഹായിക്കുകയും ചെയ്തു. കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടവക ദിനാചരണത്തിലും വാർഷികത്തിലും ബ്രദേഴ്സ് പങ്കെടുത്തു. ക്രിസ്തീയ യുവജന കൂട്ടായ്മയ്ക്ക് പ്രചോദനമേകാൻ കലാപരിപാടിയും അവതരിപ്പിച്ചു.

## FY. 31/23

ചെങ്കുളം ലിറ്റിൽ ഫ്ളവർ മേഴ്സി ഹോമിൽ ഒരു ദിനത്തെ ശുശ്രൂഷയിൽ പങ്കെടുക്കുകയും സാധ്യമായ സഹായങ്ങൾ നല്കുകയും ചെയ്തു.

## FY. 32/23

ബഹു. മാത്യു തറമുട്ടത്തിലച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സെന്റ് ജോസഫ് ഫോർമേഷൻ ഹൗസിലും ആഘോഷിച്ചു.

# സന്ന്യസ്തർ

## 1. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

- ❖ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിൽ സി. ഡോണ, സി. ജെയ്സി ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.
- ❖ ബഥേൽ ഇടവകയിലെ Sunday School കുട്ടികൾക്ക് 'Self Esteem and Motivation' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ഡെൽമിയ ക്ലാസ്സ് എടുത്തു.
- ❖ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസ് അംഗങ്ങൾ സമീപവാസികളായ കുടുംബാംഗങ്ങളോടൊപ്പം ദിവ്യബലി അർപ്പിച്ച് ദൈവത്തിനു നന്ദി പറയുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. റവ. ഫാ. ചാക്കോ OFM Cap. ദിവ്യബലി അർപ്പിച്ചു. നമ്മുടെ ഭവനങ്ങളുള്ള എല്ലാ ഇടവകകളിലും അൽഫോൻസ ഗാർഡൻ മീറ്റ് വിളിച്ചുകൂട്ടി വിവിധ പ്രോഗ്രാമുകൾ നടത്തി.
- ❖ ബഹു. സി. സുഗുണ, സി. റോസിൻ എന്നിവർ ജർമ്മനിയിലുള്ള ഭവനങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി തിരിച്ചെത്തി.
- ❖ മരണം മൂലം ഈ ലോകത്തിൽ നിന്നും വേർപിരിഞ്ഞ കുതിരക്കല്ല് SABS പ്രൊവിൻഷ്യൽ ഹൗസ് അംഗമായ സി. ആൽബിയുടെ ഭൗതിക ശരീരം സന്ദർശിച്ച് ബഹു. സി. സുഗുണയും സിസ്റ്റേഴ്സും പ്രാർത്ഥിച്ചു.
- ❖ ഇടുക്കി രൂപതാ ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായ ഇടവക സന്ദർശനം തോപ്രാംകുടി, രാജപുരം എന്നീ ഇടവകകളിൽ ബഹു. സി. സുഗുണ, സി. റോസിൻ ജോസ് എന്നിവർ പാലിയേറ്റീവ് പ്രവർത്തകരോടൊപ്പം നടത്തി.
- ❖ വി. ക്ലാരയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. റവ. ഫാ. ജോസ് നരിതൂക്കിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

❖ നിർമ്മൽ റാണി പ്രോവിൻസിന്റെ പതിനെട്ടാമത് പ്രൊവിൻസ് ഡേ ആഘോഷം വിവിധ കാര്യപരിപാടികളോടെ നടത്തി. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ കൃത ജ്ഞതാ ബലിയർപ്പിച്ച് സന്ദേശം നൽകി.

❖ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വാത്തിക്കുടി പഞ്ചായത്തിലെ മൂങ്ങാപ്പാറ പ്രദേശത്തെ വിധവകളെ ഒരുമിച്ചു ചേർത്ത് വിവിധ പ്രോഗ്രാമുകൾ നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സുനിത അധ്യക്ഷത വഹിച്ച ഈ മീറ്റിങ്ങിൽ ബഹു. സി. സുഗുണ ആശം സകൾ അർപ്പിച്ചു. സി. സിജി ക്ലെയർ സ്ത്രീ ശാക്തികരണത്തെ ക്കുറിച്ച് ക്ലാസെടുത്തു. സി. ജീസ, സി. ഡയോണ എന്നിവർ ഈ പ്രോഗ്രാമിന് നേതൃത്വം നൽകി.

## 2. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

### ❖ നിത്യതയിലേക്ക്

**സി. ആൽബി പാലക്കാട്ട് SABS (56)**

ജനനം : 01/09/1967
ആദ്യവ്രതം : 30/04/1992
നിത്യവ്രതം : 08/11/1997
മരണം : 08/08/2023



"തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്" (സങ്കീ: 116:15). ദൈവം ദാനമായി തന്ന ശാന്തമായ ഈ ജീവിതത്തിന് പ്രശാന്തമായ അന്ത്യം. വിശുദ്ധ കുർബാനയിലെ ഈശോയോട് ചേർന്ന് പരിഹാരബലിയാകുവാൻ അവിടുന്ന് തിരഞ്ഞെടുത്തുയർ ത്തിയ തന്റെ ജീവിതത്തെ ഏറെ വിശ്വസ്തതയോടും സൂക്ഷ്മത യോടും ധീരതയോടുംകൂടെ സമർപ്പിച്ച് നമുക്കേവർക്കും ഒരു പ്രത്യ ക്ഷസാക്ഷ്യമായി നിലകൊള്ളുകയാണ് പ്രിയപ്പെട്ട സി. ആൽബി പാലക്കാട്ട്. നമുക്കായി പകുത്തുനൽകിയ തന്റെ ജീവിതത്തിനും നമുക്കായി ഒരുക്കിവച്ച ഓർമ്മകൾക്കും ഹൃദയപൂർവ്വം ആദരാ ഞ്ജലികൾ അർപ്പിക്കുന്നു.

കോതമംഗലം രൂപതയിലെ ചിറ്റൂർ ഇടവകയിൽ പരേതരായ ജോസഫ് ഏലിക്കുട്ടി ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമത്തെ മകളായി 1967 സെപ്റ്റംബർ 1 ന് സി. ആൽബി ഭൂജാതയായി. ജ്ഞാ സ്നാനത്തിൽ ഏലി എന്ന നാമം സ്വീകരിച്ച സി. ആൽബി, ലൈല എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. 1983-85 കാലഘട്ടത്തിൽ പ്രീഡിഗ്രിയും അതിനുശേഷം ഹിന്ദി സാഹിത്യാചാര്യ കോഴ്സും പൂർത്തിയാക്കിയ സി. ആൽബി ദിവ്യകാരുണ്യ നാഥന്റെ സ്നേഹ മസൃണമായ ക്ഷണം സ്വീകരിച്ചുകൊണ്ട് ഉറച്ച കാൽവയ്പ്പോടെ 1988 ജൂൺ പതിനഞ്ചാം തീയതി തന്റെ ഇരുപത്തിയൊന്നാമത്തെ വയസ്സിൽ കോതമംഗലം സെന്റ് മേരിസ് പ്രൊവിൻസിൽ അർത്ഥിനി യായി ചേർന്നു. മാറിക, ആരാധനാഭവൻ കോതമംഗലം എന്നീ ഭവനങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ സി. ആൽബി 1992 ഏപ്രിൽ 30 ന് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിൽ നിന്നും സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തി. പിന്നീട് 1996 വരെ തൊടുപുഴ നിർമ്മലഭവൻ, മുളകരമേട്, മുണ്ടൻമുടി എന്നീ ഭവന സമൂഹങ്ങളിൽ ആയിരുന്നുകൊണ്ട് വിദ്യാഭ്യാസ ശുശ്രൂ ഷയിലൂടെ കൊച്ചുകുട്ടികൾക്ക് അറിവിന്റെ അക്ഷരവെളിച്ചം പകർന്നു നൽകി. ഇതിനിടയിൽ കളമശ്ശേരി രാജഗിരി കോളേജിൽ നിന്ന് സോഷ്യൽ വർക്കിൽ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കി. 1997 നവംബർ 8-ന് നിത്യവത വാഗ്ദാനത്തിലൂടെ ദിവ്യകാരുണ്യനാഥന് തന്നെ നിത്യമായി സമർപ്പിച്ചു.

സാമൂഹിക പ്രവർത്തന മേഖലയിൽ തനിക്കുണ്ടായിരുന്ന അറിവും കഴിവും തന്മയത്വവും ജീവിതത്തിലുടനീളം എല്ലാവരി ലേക്കും പ്രത്യേകമായി പാവപ്പെട്ടവരിലേക്കും വേദനിക്കുന്നവരി ലേക്കും പകർന്നു കൊടുക്കുവാൻ സി. ആൽബിക്ക് സാധിച്ചിരുന്നു. കണ്ണീരും വേദനയുമായി ആരു വന്നാലും അവർക്കായി ഹൃദയവും കരങ്ങളും തുറന്നു നൽകാൻ സി. ആൽബിക്ക് സാധിച്ചിട്ടുണ്ട്. കോത മംഗലം സക്കറിയാസ് ഭവനിൽ ആയിരുന്നുകൊണ്ട് കോതമംഗലം രൂപതയുടെ സോഷ്യൽ സർവീസ് സെന്ററിൽ 1998 മുതൽ 2002 വരെ സേവനം ചെയ്തു. 2002 മുതൽ 2005 വരെ ആലുവ SABS ജനറലേ റ്റിലെ അംഗമായിരുന്നുകൊണ്ട് സോഷ്യൽവർക്ക് മേഖലയിൽ ശുശ്രൂഷ ചെയ്തു. തുടർന്ന് ഇടുക്കി പ്രൊവിൻസ് രൂപം കൊണ്ട പ്പോൾ ഹൈറേഞ്ചിന്റേതായ പരിധികളും പരിമിതികളും ഉൾക്കൊണ്ട്

ധീരതയോടെ ഇവിടെയുള്ള മക്കൾക്കായി സ്വയം നൽകുവാൻ സി. ആൽബി തയ്യാറായി.

2014 മുതൽ മരിയാപുരം മഠത്തിൽ ആയിരുന്ന സിസ്റ്റർ ഇടുക്കി രൂപതയുടെ സോഷ്യൽ സർവീസ് സെന്ററായ HDS-ൽ പ്രോഗ്രാം കോഡിനേറ്ററായി ശുശ്രൂഷ ചെയ്തു. ഉള്ളത് പങ്കുവയ്ക്കുവാൻ, ഇല്ലായ്മയിൽനിന്ന്പോലും കൊടുക്കുവാൻ പ്രത്യേകിച്ച് ആവശ്യത്തിലിരിക്കുന്നവരെയും, കണ്ണീരണിഞ്ഞവരെയും സഹായിക്കുവാൻ സി. ആൽബിക്ക് ഒരു പ്രത്യേക കഴിവ് തന്നെ ഉണ്ടായിരുന്നു. ഈ കാലയളവിൽ ബെസ്റ്റ് പെർഫോമർ അവാർഡും സി. ആൽബിയെ തേടിയെത്തി. കുഞ്ചിത്തണ്ണി, തൂക്കുപാലം, പന്നിയാർകുട്ടി, മരിയാപുരം എന്നീ ഭവന സമൂഹങ്ങളിൽ ആയിരുന്ന് മദർ, അസിസ്റ്റന്റ് മദർ, ഫൈനാൻസ് ഓഫീസർ എന്നീ നിലകളിൽ തന്റെ ഉത്തരവാദിത്വം സിസ്റ്റർ ഭംഗിയായി നിർവഹിച്ചു. മതാധ്യാപനത്തിലൂടെ തന്റെ ഉള്ളിൽ തിങ്ങി നിറഞ്ഞിരുന്ന ദൈവസ്നേഹത്തെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുവാനും താൻ ജീവിച്ച് കാണിച്ച മൂല്യങ്ങളെ ധീരതയോടെ പകർന്നേകുവാനുമുള്ള ആർജ്ജവത്വം സിസ്റ്ററിന് സ്വന്തമായിരുന്നു.

ജീവിതത്തിന്റെ ഒരു നിമിഷം പോലും വിശ്രമത്തിനായി മാറ്റിവയ്ക്കാൻ ആഗ്രഹിക്കാത്ത സി. ആൽബിയുടെ ജീവിതത്തിലേക്ക് വളരെ അപ്രതീക്ഷിതമായി ക്യാൻസർ എന്ന രോഗം കടന്നു വരികയായിരുന്നു. 2017 മെയ് 25 ന് ചില ശാരീരിക അസ്വസ്ഥതകളെ തുടർന്ന് മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റലിൽ വച്ച് നടത്തിയ വൈദ്യപരിശോധനയിൽ സിസ്റ്ററിന് മാരകമായ കാൻസർ ബാധിച്ചതായി മനസ്സിലായി. ഏവരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു സി. ആൽബിയുടെ തുടർന്നുള്ള ജീവിതം. ഇനി അധികനാൾ ജീവിച്ചിരിക്കില്ല എന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയെങ്കിലും തന്റെ രോഗത്തെ തോൽപ്പിച്ച വിധത്തിലായിരുന്നു സിസ്റ്റർ പിന്നീട് ജീവിച്ചത്. കഴിഞ്ഞ ആറുവർഷങ്ങളിലായി തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന സിസ്റ്റർ രോഗത്തിന്റേതായ കഠിനമായ വേദനയിലൂടെ കടന്നുപോകുമ്പോഴും അതൊന്നും കാര്യമാക്കാതെ ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ നൽകുവാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്'' (മത്താ. 20:28) എന്ന തിരുവചനത്തിന്റെ ചൈതന്യം സ്വീക

രിച്ച് രോഗാവസ്ഥയിലും അവസാനനിമിഷം വരെയും സ്വന്തംകാര്യ ങ്ങൾ ആരെയും ബുദ്ധിമുട്ടിപ്പിക്കാതെ ചെയ്തു.

2023 ജൂലൈ 28 ന് രോഗം മൂർജ്ജിച്ചതിനെ തുടർന്ന് റവ. ഫാ. തോമസ് മണിയാട്ടിൽ നിന്നും രോഗിലേപനം സ്വീകരിച്ചു. ആഗസ്റ്റ് 8 ന് രാവിലെ 10.15 ന് മരിയാപുരം ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ മേലേട്ടിൽ നിന്നും ആശീർവാദം സ്വീകരിച്ച സി. ആൽബിയെ തന്റെ ആത്മീയമണവാളൻ സഹനങ്ങളിലൂടെ വിശുദ്ധീ കരിച്ച് വേദനകൾ ഇല്ലാത്ത സ്വർഗീയവീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. അന്നുതന്നെ മൃതദേഹം കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിലേക്ക് കൊണ്ടുവന്നു. ധാരാളം വൈദികരും സിസ്റ്റേഴ്സും അല്മായരും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു. ആഗസ്റ്റ് ഒമ്പതാം തീയതി രാവിലെ 10 മണിക്ക് ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന സമൂഹബലിയെ തുടർന്ന് വൻ ജനാവലിയുടെ സാന്നിധ്യ ത്തിൽ മൃതദേഹം കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിനോട് അനു ബന്ധിച്ചുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. സി. ആൽബിയിലൂടെ ഇനിയും നമുക്ക് അനുഗ്രഹവും, സാന്ത്വനവും, സന്തോഷവും ദൈവം നൽകുമെന്ന് പ്രത്യാശിക്കാം. സി. ആൽബിയുടെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.

❖ ജൂലൈ 25-ാം തീയതി എസ്.എം.സി. യുടെ നേതൃത്വത്തിൽ POC യിൽ വച്ച് നടന്ന വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ ആനുവൽ മീറ്റിംഗിൽ സി. ആൽബിൻ കാക്കനാട്ട് പങ്കെടുത്തു.

❖ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇടുക്കി രൂപത KCYM ന്റെ നേതൃത്വത്തിൽ ചെറുതോണിയിൽ നടത്തിയ ഉപവാസ സമരത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ മദർ ലിറ്റി ഉപ്പുമാക്കലും മറ്റു സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ വികാർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട് ബാംഗ്ലൂർ Dasara Hally ഇടവകയിൽ വച്ച് ക്ലരീഷ്യൻ വൈദികരുടെ നേതൃ ത്വത്തിൽ നടന്ന ഇടവകാധ്യാനത്തിൽ കൗൺസിലിംഗ് നൽകി സഹായിച്ചു.

❖ വയോജന ദിനത്തോടനുബന്ധിച്ച് കുതിരക്കല്ല് സെന്റ് ജൂഡ് ഇട വകയിൽപ്പെട്ട വയോജനങ്ങളെ ആദരിക്കുന്ന മീറ്റിംഗിൽ ബഹു.

പ്രൊവിൻഷ്യാളമ്മ മദർ ലിറ്റി ഉപ്പുമാക്കലും മറ്റ് സിസ്റ്റേഴ്സും പങ്കെടുത്തു.

❖ വികാർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട്, സി. ആൽബിൻ കാക്കനാട്ട് എന്നിവർ കുതിരക്കല്ല് ഇടവകയിലെ വിധവകളായ അമ്മമാരുടെ സംഗമത്തിൽ (നവോമി സംഗമം) പങ്കെടുത്തു.

❖ വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് അടിമാലി വിയാനി ഭവനിൽ വിശ്രമ ജീവിതം  നയിക്കുന്ന ബഹു. വൈദികരെ ബഹു. പ്രൊവിൻഷ്യാളമ്മ മദർ ലിറ്റി ഉപ്പുമാക്കലും, സിസ്റ്റേഴ്സും സന്ദർശിച്ച് ആശംസകൾ നൽകി.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിൽ വച്ച് നടന്ന ധ്യാനത്തിൽ വികാർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട് കൗൺസിലിംഗ് നൽകി.

❖ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട സെന്റ് തോമസ് ഡേ ആഘോഷ പരിപാടികളിൽ സി. ആൽബിൻ കാക്കനാട്ട് പങ്കെടുത്തു.

❖ സി. തെരേസ് കട്ടക്കൽ ആന്റോപുരം ഇടവകയിലെ കുട്ടികൾക്ക് വി. കുർബാനയെക്കുറിച്ച് ക്ലാസ്സെടുത്തു.

❖ ജയ് മാതാ സോഷ്യൽ വർക്ക് അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി നിർധനരായ കുട്ടികൾക്ക് പഠനസഹായം നൽകി. ഭവനരഹിതരായവർക്ക് പുതിയ ഭവനം നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകി. കൂടാതെ നിർധനരായ രോഗികൾക്ക് ചികിത്സാസഹായവും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വ്യക്തിയെ വിവാഹത്തിനായി സഹായിക്കുകയും ചെയ്തു. മണിപ്പൂരിൽ പീഡനമേൽക്കുന്ന ജനതയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സാമ്പത്തികമായ സഹായം നൽകി.

❖ സി. തെരേസ് കട്ടക്കൽ കട്ടപ്പന പാദുവാ ആശ്രമത്തിൽ വച്ചു നടന്ന ഏകദിന കൺവെൻഷനിൽ വചന സന്ദേശം നൽകി.

❖ ഇടുക്കി ജയ് മാതാ പ്രൊവിൻസിലെ മരിയാപുരം ആരാധനാ മഠത്തിലെ അംഗമായിരുന്ന സി. ആൽബി പാലക്കാട്ട് SABS, 2023

ആഗസ്റ്റ് 8 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ആഗസ്റ്റ് 9-ാം തീയതി രാവിലെ 10.00 ന് ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന സമൂഹ ബലിയെ തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും, നാനാ ജാതി മതസ്ഥരായ നിരവധി ആളുകളുടെയും സാന്നിധ്യത്തിൽ കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിനോട് അനുബന്ധിച്ചുള്ള സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

- ❖ ബഹു. പ്രൊവിൻഷ്യൽ സപ്പീരിയർ മദർ ലിറ്റി ഉപ്പുമാക്കൽ ആഗസ്റ്റ് പതിനെട്ടാം തീയതി റോം, ജർമ്മനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽ ആയിരിക്കുന്ന ഭവന സമൂഹങ്ങളിൽ കാനോനിക സന്ദർശനത്തിനായി പോയി.
- ❖ സി. ആൽബിൻ കാക്കനാട്ട് POC യിൽവച്ച് ആഗസ്റ്റ് 17, 18 തീയതികളിൽ KCBC Women's Commission ന്റെ ദേശീയ തലത്തിൽ നടന്ന ആനുവൽ ജനറൽ ബോഡി മീറ്റിഗിൽ പങ്കെടുത്തു.
- ❖ വികാർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട്, രാജമുടി മാർ സ്ലീവാ കോളേജ് പ്രിൻസിപ്പൽ ഡോ. സി. മരിയ മംഗലത്തിൽ എന്നിവർ അടിമാലി ആത്മജ്യോതിയിൽ വച്ച് ആഗസ്റ്റ് 19-ാം തീയതി നടന്ന പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

### 3. കർമ്മലമാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

- ❖ പ്രോവിൻസ് ഡേയോട നുബന്ധിച്ച് അഭിവന്ദ്യ പിതാവിനൊപ്പം ബിഷപ്സ് ഹൗസിലെ വൈദികരും ബ്രദേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ വരികയും പ്രാർത്ഥന, സ്നേഹവിരുന്ന് എന്നിവയിൽ പങ്കുചേരുകയും എല്ലാവരുമായി സൗഹൃദം പങ്കിടുകയും ചെയ്തു.
- ❖ കാർമൽ മാതാ ഹൈസ്കൂൾ ബോർഡിങ് മാങ്കടവിൽ നടന്ന ബോർഡിങ് ഡേ ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോൾ സന്ദേശം നൽകുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- ❖ വിശ്വാസ രൂപീകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഈ കാലഘട്ടത്തിനനുസൃതമായി ക്ലാസുകൾ നയിക്കുന്നതിനുള്ള ഒരു ട്രെയി

നിംഗ് പ്രോഗ്രാം നടന്നു. ശ്രീ. സാജൻ പാപ്പച്ചൻ കാഞ്ഞിരപ്പള്ളി നയിച്ച ക്ലാസിൽ 55 സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും പകൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ പരിശുദ്ധ കുർബാനയുടെ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടക്കുന്നു.

❖ ജനറൽ കൗൺസിലർ സി. റോസ് മേരി, (സാമൂഹ്യപ്രവർത്തനം) ജനറൽ കൗൺസിലർ സി. നവ്യാ മരിയ (വിശ്വാസ രൂപീകരണം) പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും സൗഹൃദം പുതുക്കുകയും ചെയ്തു.

❖ തൃശൂർ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന 3 ദിവസത്തെ വിശ്വാസ പരിശീലന R.P. ട്രെയിനിംഗ് പ്രോഗ്രാമിൽ സി. സ്റ്റാർലെറ്റ് പങ്കെടുത്തു.

❖ കൊടൈക്കനാൽ മിഷനിൽ പുതിയതായി നിർമ്മിക്കുന്ന മഠത്തിന്റെ തറക്കല്ലിടൽ രാമനാഥപുരം ബിഷപ് മാർ പോൾ ആലപ്പാട്ട് നിർവഹിച്ചു.

❖ വിയാനി ഭവൻ അടിമാലിയിൽ വച്ച് നടന്ന വിയാനി ദിനാഘോഷ പരിപാടിയിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സി. മേബിൾ, സി. ടീന എന്നിവർ പങ്കെടുത്തു.

❖ കുതിരക്കല്ല് ജയ് മാതാ SABS പ്രോവിൻസ് അംഗമായ സി. ആൽബിയുടെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. മേബിളും മറ്റ് സിസ്റ്റേഴ്സും പങ്കെടുത്ത് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

❖ മുരിക്കുംതൊട്ടി, പനംകുട്ടി, കാമാക്ഷി ഇടവകകളിൽ സി. ലിൻസ് റാണി, സി. സോഫി, സി. ക്ലാരിസ് എന്നിവർ മാതൃവേദിയിലെ അമ്മമാർക്കായി ക്ലാസ്സ് നടത്തി.

❖ Catechism PTA യ്ക്ക് പൊൻമുടി, ചെമ്മണ്ണാർ, നെല്ലിപ്പാറ ഇടവകകളിൽ സി. സീജാ മരിയയും ബൈസൺവാലി, ജോർജിയാർ ഇടവകകളിൽ സി. നിത്യയും ക്ലാസ് നയിച്ചു.

❖ അമല റിട്രീറ്റ് സെന്റർ വെഞ്ഞാറമൂട്, ഗുഡ് ന്യൂസ് റിട്രീറ്റ് സെന്റർ കോട്ടയം, മോറിയ ധ്യാനകേന്ദ്രം വെൺമണി, ബിഷപ് വയൽ

ഹോസ്പിറ്റൽ മൂലമറ്റം എന്നിവടങ്ങളിൽ സി. രഞ്ജിത കൺവൻഷൻ, ക്ലാസ്, കൗൺസിലിംഗ് ഇവ നടത്തി.

❖ പെന്നാമല ഇടവകയിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ ദൈവവിളി സെമിനാറിൽ സി. കൃപ, സി. ഡാൽവിയാ, സി. ആൻഡ്രിയ എന്നിവർ ക്ലാസ് നയിച്ചു.

❖ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ബൈസൺവാലി, ജോർജിയാർ ഇടവകകളിൽ സി. നിവ്യ, സി. അഞ്ജന എന്നിവർ സെമിനാർ നടത്തി.

❖ സെൻ്റ് ജോർജ് കത്തീഡ്രൽ ഇടവക വാഴത്തോപ്പിൽ KCYM സംഘടിപ്പിച്ച മീറ്റിംഗിൽ സി.സീജ മരിയ ക്ലാസ് എടുത്തു.

❖ Light & Salt Family Meet ചെമ്പകപ്പാറ, നാരകക്കാനം, എഴുകുംവയൽ എന്നീ സ്ഥലങ്ങളിൽ നടന്നു. സി. ജാസ്മിൻ, സി. അനിറ്റ് എന്നിവർ നേതൃത്വം നൽകി.

❖ ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിലിൻ്റെയും ഫൊറോന കൗൺസിലിൻ്റെയും സംയുക്താഭിമുഖ്യത്തിൽ അടിമാലി പാസ്റ്ററൽ സെൻ്ററിൽ വച്ച് നടന്ന സമ്മേളനത്തിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോൾ സംബന്ധിച്ചു.

❖ ചെറുപുഷ്പ മിഷൻലീഗ് കുത്തുപാറ ശാഖയിൽ നടന്ന ഏകദിന സെമിനാറിൽ സി. സ്റ്റാർലെറ്റ് ക്ലാസ് നയിച്ചു.

❖ CMC കോർപറേഷൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ്, സ്കൂൾ എന്നിവിടങ്ങളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കുമായി സെമിനാർ നടന്നു. റവ. ഫാ. സാബു തോമസ് (SH College Thevara) ക്ലാസ്സ് നയിച്ചു.

❖ ഇടുക്കി രൂപത തിരുബാലസഖ്യം, CMI കാർമ്മൽ പ്രോവിൻസ്, CMC ഇടുക്കി പ്രോവിൻസ് ഒരുമിച്ച് നടത്തിയ വചനോപാസന 2023 ൻ്റെ ഫൈനൽ റൗണ്ട് മത്സരം വിശ്വദീപ്തി പബ്ലിക് സ്കൂൾ അടിമാലിയിലും ന്യൂമാൻ സ്കൂൾ ഇടുക്കിയിലും വച്ച് നടന്നു. 76 ഇടവകകളിൽ നിന്നായി 1416 കുട്ടികൾ പങ്കെടുത്ത മൽസരം വൻവിജയമായിരുന്നു. വചനം കുട്ടികളിലും കുടുംബങ്ങളിലും അഭിഷേകമായി മാറിയത് കാണാൻ കഴിഞ്ഞു.

❖ അടിമാലി ക്രൈസ്തവ കൂട്ടായ്മയുടെ നേതൃത്വത്തിൽ മണിപ്പൂർ

ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് നടത്തിയ റാലി യിലും പൊതുസമ്മേളനത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരി യറും കൗൺസിലേഴ്സും മുഴുവൻ സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ കർഷക ദിനത്തോടനുബന്ധിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ മികച്ച വിദ്യാർത്ഥി കർഷകയായി മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിലെ സ്നേഹയെ തിരഞ്ഞെടുക്കുകയും ക്യാഷ് അവാർഡും ഫലകവും സർട്ടിഫിക്കറ്റും നൽകുകയും ചെയ്തു.

❖ കാർമ്മൽ ജ്യോതിസ്പെഷ്യൽ സ്കൂളിൽ പുതുതായി നിർമ്മിച്ച സെക്യൂരിറ്റി ക്യാബിനും ഭിന്നശേഷിയുള്ള കുട്ടികൾ നിർമ്മിക്കു ന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഔട്ട്ലെറ്റും മച്ചിപ്ലാവ് അസീസി പള്ളി വികാരി റവ.ഫാ. മർക്കോസ് ചിറ്റേമാരിയിൽ വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി.

❖ മലയാള മനോരമ നല്ല പാഠം പദ്ധതിയിൽ കഴിഞ്ഞ ഒരു വർഷ ത്തെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ, ചെയ്ത തിന്റെ അടിസ്ഥാനത്തിൽ മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിന് എ ഗ്രേഡ് ലഭിച്ചു.

❖ തൃശൂർ അതിരൂപത വി. എവുപ്രാസ്യ തീർത്ഥാടന കേന്ദ്രം ഒല്ലൂരി ലേക്ക് പ്രൊവിൻഷ്യൽ ടീമും സിസ്റ്റേഴ്സും തീർത്ഥാടനം നട ത്തി. ആഘോഷമായ വിശുദ്ധ കുർബാന, നൊവേന എന്നിവ യിൽ പങ്ക് ചേർന്നും മ്യൂസിയവും മറ്റ് സ്ഥലങ്ങൾ സന്ദർശിച്ചും വി. എവുപ്രാസ്യാമ്മയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചും അനുഗ്ര ഹങ്ങൾ നേടി.

## 4. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ Department of Social Work in Association with IQAC & ICDS Nedumkandam ത്തിന്റെ ആഭിമുഖ്യത്തിൽ രാജക്കാട് മമ്മട്ടിക്കാനം അങ്കണവാടിയിൽ വച്ച് ജൂലൈ 28-ാം തീയതി കൗമാരപ്രായത്തി ലുള്ള പെൺകുട്ടികൾക്കായി ലീഡർഷിപ്പ് എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന വൺ ഡേ സെമിനാർ സി. ജോയ്സ് ആല നോലിക്കൽ എസ് എച്ച് നയിച്ചു.

❖ ജൂലൈ 29-ാം തീയതി കോട്ടയം ജനറലേറ്റിൽ വച്ച് ബഹു. ജന റാളമ്മയുടെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് നടന്ന വി.

കുർബാനയിലും ആഘോഷങ്ങളിലും വികർ പ്രൊവിൻഷ്യൽ സി. കൊച്ചുറാണി പന്നയ്ക്കൽ എസ് എച്ച്, എഡ്യൂക്കേഷൻ കൗൺസിലർ സി. എൽസീന ആലാനിക്കൽ എന്നിവർ സംബന്ധിച്ചു. ഇടുക്കി രൂപത മതബോധന ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

❖ ആഗസ്റ്റ് 1 മുതൽ 6 വരെ ലിസ്ബണിൽ വച്ചു നടന്ന വേൾഡ് യൂത്ത് ഡേ യിൽ സി. ലിസ് മരിയ തകിടിയേൽ എസ് എച്ച് സംബന്ധിച്ചു.

❖ ഇടുക്കി രൂപതാ കെ സി വൈ എം ന്റെ ആഭിമുഖ്യത്തിൽ മണിപ്പൂർ കലാപത്തിൽ ഇരയായവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഭരണകൂട നിശബ്ദതയ്ക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് ആഗസ്റ്റ് 5-ാം തീയതി ചെറുതോണിയിൽ വച്ച് രാവിലെ 10 മണി മുതൽ 6 മണി വരെ നടന്ന ഉപവാസ സമരത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

❖ ആഗസ്റ്റ് 1-ാം തീയതി നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന ഹിന്ദു കുട്ടികൾക്ക് വ്യക്തിത്വ വികസനം എന്ന വിഷയത്തെ ആസ്പദമാക്കി സി. ആൻസിറ്റ് കിഴക്കേൽ എസ് എച്ച് ക്ലാസ്സ് എടുത്തു. 100 കുട്ടികൾ പ്രസ്തുത ക്ലാസ്സിൽ സംബന്ധിച്ചു.

❖ നിറിക്കോട് മെറ്റനോയിയ കൗൺസലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 27, 31 തീയതികളിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എട്ടാം ക്ലാസ്സ് കുട്ടികൾക്കു വേണ്ടിയുള്ള എൻലൈറ്റ് പ്രോഗ്രാമിന് എറണാകുളം ഫൊറോനയിലും പള്ളിപ്പുറം ഫൊറോനയിലും ഡോ. സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് നേതൃത്യം നല്കി. ആഗസ്റ്റ് 1 മുതൽ 5 വരെ പാറത്തോട് എച്ച് എസ്, ചെമ്മണ്ണാർ എച്ച് എസ്, എച്ച് എസ് എസ് എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് കൗൺസലിംഗ് നല്കി.

❖ ആഗസ്റ്റ് 11, 12 തീയതികളിൽ പുത്തൻപള്ളി സെന്റ് ജോർജ്ജ് ഹയർസെക്കൻഡറി സ്കൂളിൽ Effective Parenting എന്ന വിഷയത്തെ ആസ്പദമാക്കി പി റ്റി എ യ്ക്കും മഞ്ഞപ്ര ഫൊറോനയിലെ

വാതക്കാട് പള്ളിയിൽ വച്ച് Enlight Programme - നും സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് ക്ലാസ്സുകൾ എടുത്തു.

❖ നാരകക്കാനം ഇടവകയിലെ അൾത്താര ബാലന്മാർക്ക് സ്വഭാവ രൂപവത്ക്കരണം, വി. കുർബാനയുടെ പ്രാധാന്യം, അൾത്താര ബാലന്മാരുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് സി. ജോംസി കാഞ്ഞിരത്താംത്തൊട്ടിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ നാരകക്കാനം യൂണീറ്റിലെ നെസ്പിലെ കുട്ടികൾക്ക് ആചാര മര്യാദകൾ എന്ന വിഷയത്തെ ആസ്പദമാക്കി സി. ജോംസി കാഞ്ഞിരത്താംത്തൊട്ടിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ നാരകക്കാനം ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് കുട്ടികളുടെ സ്വഭാവ രൂപവത്ക്കരണത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി സി. ജോംസി കാഞ്ഞിരത്താംത്തൊട്ടിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ പൊൻമുടി ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് ദൈവവചനം എന്റെ ജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി സി. ട്രീസ മേരി കൊച്ചുപുരയ്ക്കൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ഇരുമ്പുപാലം ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് സി. ട്രീസ കൊച്ചുപറമ്പിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ആഗസ്റ്റ് 8-ാം തിയതി കുതിരക്കല്ല് ഇടുക്കി എസ് എ ബി എസ് ജയ്മാതാ പ്രൊവിൻസ് അംഗമായ സി ആൽബി പാലക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വികർ പ്രൊവിൻഷ്യൽ സി. കൊച്ചു റാണി പന്നയ്ക്കൽ എസ് എച്ചും മറ്റ് സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് കാന്തിപ്പാറ വിമലാ ബാലഭവനിലെ കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും കൗൺസലിംഗ് നടത്തുകയും ചെയ്തു.

❖ Healthy Farmer Wealthy Nation എന്ന ആദർശ വാക്യവുമായി പ്രവർത്തിക്കുന്ന കിസാൻ സർവ്വീസ് സൊസൈറ്റിയുടെ മൈസൂരിൽ വച്ചു നടന്ന മൂന്നാമത് ദേശീയ കൺവൻഷനിൽ സി. ആൻ മേരി കീരംചിറ എസ് എച്ച്, സി. ട്രീസ മേരി കൊച്ചുപുരയ്ക്കൽ എസ് എച്ച് എന്നിവർ സംബന്ധിച്ചു.

❖ ആഗസ്റ്റ് 19-ാം തീയതി അടിമാലി ആത്മജ്യോതിയിൽ വച്ചു നടന്ന ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ-ഫൊറോന കൗൺസിൽ സംയുക്ത യോഗത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് സംബന്ധിച്ചു.

❖ ആഗസ്റ്റ് 23-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന Joint Meeting of the Synod of Bishops and the Major Superiors-ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് സംബന്ധിച്ചു.

❖ എസ് എച്ച് നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി DCL - മായി സഹകരിച്ച് നടത്തിയ Colour India Competition ൽ KG, LP, UP, HS വിഭാഗങ്ങളിലായി 150 കുട്ടികൾ പങ്കെടുത്തു.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ നടത്തി വരുന്ന കുട്ടികളുടെ ഏകദിന കൺവെൻഷനിൽ സി. സ്നേഹ മൂക്കൻതോട്ടത്തിൽ എസ് എച്ച് കുട്ടികൾക്കായി കൗൺസലിംഗ് നല്കി വരുന്നു.

❖ മുല്ലക്കാനം സാൻജോ കോളേജ് കൊമേഴ്സ് ഡിപാർട്ട്മെന്റിലെ കുട്ടികൾക്കായി Importance of Life Skills എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ Life Skill സെമിനാറിലും Strategies To Build Self Confidence എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിലും സി. ജോയ്സ് ആലനോലിക്കൽ എസ് എച്ച് ക്ലാസ്സുകൾ എടുത്തു.

## 5. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)

❖ കോതമംഗലം രൂപത വിദ്യാഭ്യാസ ഓഫീസ് സ്റ്റാഫ് ആയി സി. ടോംസി എസ്.ഡി. നിയമിതയായി.

❖ KCBC സമർപ്പിതർക്കു വേണ്ടി POC യിൽ വച്ച് നടത്തിയ ഏകദിന സെമിനാറിൽ അഡ്വക്കേറ്റ് സി. ജോസിയാ പങ്കെടുത്തു.

❖ ഇടുക്കി രൂപതയിലെ മദ്യവർജന സമിതി ഏർപ്പെടുത്തിയ അവാർഡിന് ഏറെനാളത്തെ പ്രവർത്തന പരിചയമുള്ള സി. ലീജ എസ്.ഡി. അർഹയായി.

- ബാംഗ്ലൂർ Dharmaram കോളേജിൽ ഫോർമേഷൻ വിഭാഗത്തിൽ Spirtuality വിഭാഗത്തിൽ സി. അനുഷ എസ്.ഡി. ചാർജെടുത്തു.
- ജ്യോതി കിൻഡർ ഗാർട്ടൻ മുരിക്കാശ്ശേരിയിൽ പിടിഎ അംഗങ്ങൾക്ക് സി. ലിസ്യു ക്ലാസ് എടുത്തു.
- രാജപുരം ഇടവകയിലെ മിഷൻ ലീഗ് ഭാരവാഹികൾക്കും പിടിഎ അംഗങ്ങൾക്കും സി. ജിസ്മിത എസ്.ഡി. ക്ലാസ് എടുത്തു.
- KCBC മണിപ്പൂർ വിഷയത്തെക്കുറിച്ച് നടത്തിയ Webinar- ൽ സി. ജോസിയ എസ്.ഡി. ഡിബേറ്റ് നടത്തി.
- കൊളപ്പുറം ഇടവകയിലെ Poor Home and Chapel പുതുക്കി പണിത് വെഞ്ചെരിച്ചു.
- വയോജന ദിനത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ എസ്. ഡി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.
- മുരിക്കാശേരിയിലെ മിഷൻലീഗ് അംഗങ്ങളും വൈദികരും സിസ്റ്റേഴ്സും മതാധ്യാപകരും വട്ടവടയിലെ എസ്.ഡി. കോൺവെന്റ് സന്ദർശിക്കുകയും വട്ടവടയിലെ പാവപ്പെട്ട ജനങ്ങൾക്ക് ഓണക്കിറ്റും വസ്ത്രങ്ങളും നൽകുകയും ചെയ്തു.
- മദർ ജിസാ റാണിയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിന്റെ ബാച്ച് Gathering കോഴിപ്പിള്ളിയിൽ വച്ച് നടത്തി.
- സി. ദീപാ റോസ് എസ്.ഡി. ഇടുക്കി രൂപതയിലെ സെമിനാരി വിദ്യാർഥികൾക്കായി മോട്ടിവേഷൻ ക്ലാസ് എടുത്തു.
- മുരിക്കാശ്ശേരിയിൽ പിടിഎ അംഗങ്ങൾക്കും മതാധ്യാപകർക്കും ആയി അഡ്വക്കേറ്റ് സി. ജോസിയ എസ്.ഡി. ക്ലാസ് നയിച്ചു
- മണിപ്പൂരിൽ വേദന അനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് Chelachuvadu വച്ചു നടത്തിയ പ്രാർത്ഥനാ മീറ്റിങ്ങിൽ സിസ്റ്റേഴ്സ് പങ്കെടുത്ത് പ്രാർത്ഥിച്ചു.
- വൈദിക ദിനത്തോടനുബന്ധിച്ച് എസ്.ഡി. യുടെ ശാഖാ മഠങ്ങളിൽ വൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

## CJ. 52/23 ഒന്നാം ടേം പരീക്ഷ

സൺഡേ സ്കൂളിന്റെ ഈ വർഷത്തെ ഒന്നാം ടേം പരീക്ഷ സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച രാവിലെ 11.30 മുതൽ ഉച്ച 12.30 വരെ ആയിരിക്കും.

| പഠിക്കേണ്ട ഭാഗങ്ങൾ | ക്ലാസ് |
|---|---|
| പാഠങ്ങൾ: 1, 2, 3, 4, 5<br>ചെറിയ വേദോപദേശം: നമസ്കാരങ്ങൾ: 1, 2, 3<br>''അന്നാ പെസഹാ തിരുനാളിൽ'' എന്ന പാട്ട് | 1, 2 |
| പാഠങ്ങൾ: 1, 2, 3, 4, 5<br>ചെറിയ വേദോപദേശം: നമസ്കാരങ്ങൾ: 1, 2, 3, 4, 7a<br>പാട്ടുകൾ<br>അന്നാ പെസഹാ തിരുനാളിൽ<br>സർവ്വാധിപനാം കർത്താവേ<br>ശബ്ദമുയർത്തി പാടീടുവിൻ | 3, 4 |
| ഈ ദിവസങ്ങളിൽ വാട്സ്ആപ്പിൽ തന്നിരിക്കുന്ന ലോഗോസ് ക്വിസ് മോഡൽ ചോദ്യങ്ങളുടെ സെറ്റ് 1, സെറ്റ് 2, സെറ്റ് 3 എന്നിവയിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ വരുക. | 5-12 |

## CJ. 53/23 അഖില കേരള ലോഗോസ് ക്വിസ് രൂപതാതല മത്സര പരീക്ഷ

അഖില കേരള ലോഗോസ് ക്വിസ് രൂപതാതല മത്സര പരീക്ഷ 2023 സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ നടത്തപ്പെടുന്നതായിരിക്കും. ചോദ്യപേപ്പറുകൾ അതാതു കളക്ഷൻ സെന്ററുകളിൽ നിന്നും 23-ാം തീയതി ശനിയാഴ്ച കൈപ്പറ്റേണ്ടതാണ്.

എല്ലാവർക്കും നന്നായി പരീക്ഷ എഴുതുവാൻ സാധിക്കട്ടെ എന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## CJ. 54/23 മിഷൻ മാസാചരണം

ഒക്ടോബർ മാസം മിഷൻ മാസമായും ജപമാല മാസമായും ആചരിക്കുകയും കൂടുതൽ തീക്ഷ്ണതയോടെ ജപമാല ചൊല്ലുവാൻ കുട്ടികളെ പ്രേരിപ്പിക്കുകയും ചെയ്യണം.

CORPORATE EDUCATIONAL AGENCY

## Edn. 14/23 അനധ്യാപക നിയമനം

നമ്മുടെ സ്കൂളുകളിൽ ഫുൾടൈം മീനിയൽ ആയി നിയമിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. 35 വയസാണ് അപേക്ഷകരുടെ പരമാവധി പ്രായം. രൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച അപേക്ഷഫോം സെപ്തംബർ മാസം 23-ാം തീയതിക്കുമുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷകർക്കായി ഒക്ടോബർ മാസം 14-ാം എഴുത്തുപരീക്ഷ നടത്തുന്നതായിരിക്കും. എഴുത്തുപരീക്ഷയുടെയും പിന്നീട് നടത്തപെടുന്ന ഇന്റർവ്യുവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നുമായിരിക്കും നിയമനം നടത്തുന്നത്.

## Edn. 15/23 ഇംഗ്ലീഷ് - മലയാളം ഭാഷാപരിശീലനം

നമ്മുടെ സ്കൂളുകളിൽ ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഇംഗ്ലീഷ് - മലയാളം ഭാഷകളിൽ പ്രത്യേകപരിശീലനം ആരംഭിക്കുന്നു. "My English" എന്നപേരിൽ ഇംഗ്ലീഷ് ഭാഷ പരിശീലനത്തിന്റെ ഒന്നാം ഘട്ടവും "എന്റെ മലയാളം" എന്നപേരിൽ മലയാളം പരിശീലനത്തിന്റെ രണ്ടാം ഘട്ടവും സെപ്തംബർ മാസം 5-ാം തീയതി എല്ലാ സ്കൂളുകളിലും ആരംഭിക്കുന്നതാണ്.

## Edn. 13/23 അധ്യാപക ദിനാശംസകൾ

സെപ്തംബർ മാസം 5-ാം അധ്യാപകദിനമായി ആചരിക്കുകയാണല്ലോ. നമ്മുടെ സ്കൂളുകളിൽ ആത്മാർത്ഥതയോടെയും സമർപ്പണമനോഭാവത്തോടെയും ജോലിചെയ്യുന്ന എല്ലാ അധ്യാ

പകരേയും നന്ദിയോടെ അനുസ്മരിക്കുകയും എല്ലാവർക്കും അധ്യാപകദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുകയും ചെയ്യുന്നു.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**PCM. 61/23 30/07/23 Music Audition**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ മ്യൂസിക് ക്ലബിന്റെ നേതൃത്വത്തിൽ മികച്ച ഗായകരെ തിരഞ്ഞെടുക്കുവാനായി മ്യൂസിക് ഓഡിഷൻ നടത്തി.

**PCM. 62/23 07/08/23 സ്വാതന്ത്ര്യ സമര സന്ദേശ യാത്ര**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ ചരിത്ര വിഭാഗത്തിന്റെ നേതൃത്തിൽ സാഹിത്യകാരൻ CS റെജി കുമാർ സ്വാതന്ത്ര്യ സമര സന്ദേശ യാത്ര നടത്തി.

**PCM. 63/23 Workshop on OBE Attainment**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ OBE cell ന്റെ ആഭിമുഖ്യത്തിൽ OBE attainment calculation-നെ സംബന്ധിച്ച് Workshop സംഘടിപ്പിച്ചു.

**PCM. 64/23 09/08/23 International Day of the World's Indigenous Peoples**

പാവനത്മാ കോളേജ് മുരിക്കാശ്ശേരിയിൽ International Day of the World's Indigenous നോട് അനുബന്ധിച്ച് "മണിപ്പൂർ പ്രതിബന്ധങ്ങളും പോംവഴികളും" എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചനാ മത്സരം നടത്തി.

**PCM. 65/23 09/08/23 Nagasaki Day**

പാവനത്മാ കോളേജ് മുരിക്കാശ്ശേരിയിൽ NSS ന്റെ ആഭിമുഖ്യത്തിൽ Nagasaki ദിനം അനുസ്മരിച്ചു.

**PCM. 66/23 14/08/23 Swaraj ദേശഭക്തി ഗാന മത്സരം**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ സ്വാതന്ത്ര്യ ദിന

ത്തോട് അനുബന്ധിച്ചു ഗണിതശാസ്ത്ര വിഭാഗം ദേശഭക്തി ഗാന മത്സരം നടത്തി.

## PCM. 67/23 16/08/23 Freshers day

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Freshers Day നടത്തി.

## PCM. 68/23 17/08/23 കേരള ശ്രീമാൻ ശ്രീമതി മത്സരം

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേരള ശ്രീമാൻ ശ്രീമതി മത്സരം നടത്തി.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 47/23 കരിയർ ഓറിയന്റേഷൻ പ്രോഗ്രാം

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിലെ 2023-24 അധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി കരിയർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. 2023 ജൂലൈ 20, 21 (വ്യാഴം, വെള്ളി) ദിവസങ്ങളിൽ, കരിയർ കൗൺസിലർ, സെബാസ്റ്റ്യൻ മാത്യു വിദ്യാർത്ഥികൾക്കായുള്ള കരിയർ പ്രോഗ്രാം നയിക്കുകയുണ്ടായി.

## MSC. 48/23 ഇൻഡക്ഷൻ പ്രോഗ്രാം

2023-25 ബാച്ച് സോഷ്യൽ വർക്ക് ട്രെയിനികൾക്ക് അസിസ്റ്റന്റ് പ്രൊഫസർ സി. ആൽബി പി.ജെ. യുടെ നേതൃത്വത്തിൽ ജാൻവ 2K23 എന്ന പേരിൽ ജൂലൈ 20, 21 തീയതികളിലായി രണ്ടു ദിവസത്തെ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

## MSC. 49/23 ഫ്രഷേഴ്സ് ഡേ

2023-25 ബാച്ച് സോഷ്യൽ വർക്ക് ട്രെയിനികൾക്ക് 'ആരംബിക്കലാമാ' എന്ന പേരിൽ ഫ്രഷേഴ്സ് ഡേ ജൂലൈ 21 ന് 1.30 pm ന് അധ്യാപകരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

## MSC. 50/23 നേച്ചർ ക്ലബ്

2023-24 അധ്യയന വർഷത്തെ നേച്ചർ ക്ലബ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 03/08/2023 വ്യാഴാഴ്ച കോൺഫറൻസ് ഹാളിൽ വച്ച്

നടത്തപ്പെട്ടു. എഴുത്തു പരീക്ഷ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തപ്പെട്ട സെലക്ഷൻ നേച്ചർ ക്ലബ്ബ് കോ-ഓർഡിനേറ്റർമാരായ ജെയ്മോൻ വർഗ്ഗീസ്, എൽസമ്മ വി.ഡി., അനില ജോൺ എന്നിവർ നേതൃത്വം നൽകി. 40 അംഗ നേച്ചർ ക്ലബ്ബ് അംഗങ്ങളെ തിരഞ്ഞെടുത്തു.

## MSC. 51/23 സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ഉദ്ഘാടനം

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് അസോസിയേഷന്റെ ഉദ്ഘാടനം ഓഗസ്റ്റ് 7 ന് രാവിലെ 11 മണിക്ക് കോളേജ് അങ്കണത്തിൽ വച്ച് ബർസാർ റവ. ഫാ. ജെയിംസ് പാലയ്ക്കാമറ്റത്തിൽ, പ്രിൻസിപ്പൽ, ഡോ. സി. മോളി എം.എ., ഡിപ്പാർട്മെന്റ് മേധാവി റവ. ഫാ. ജോസി പുതുപ്പറമ്പിൽ എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തുടർന്ന് വിദ്യാർത്ഥികൾ ഫ്ളാഷ്മോബ് അവതരിപ്പിക്കുകയും മണിപ്പൂർ കലാപത്തെ ആസ്പദമാക്കി മൈം അവതരിപ്പിക്കുകയും ചെയ്തു.

## MSC. 52/23 കരിയർ ഓറിയന്റേഷൻ ക്ലാസ്സ്

യുകെയിലെ സോഷ്യൽ വർക്കിന്റെ അനന്ത സാധ്യതകളെപ്പറ്റി ഓഗസ്റ്റ് 7 ന്, യുകെയിൽ സോഷ്യൽ വർക്കറായി പ്രവർത്തിച്ചു വരുന്ന ശ്രീ. ഷൈജു തോമസ് കരിയർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ വിദ്യാർത്ഥികൾ സംയുക്തമായി പങ്കെടുത്ത പ്രോഗ്രാമിനു അസോസിയേഷൻ ഇൻചാർജ് സെബാസ്റ്റ്യൻ മാത്യു നേതൃത്വം നൽകി.

## MSC. 53/23 പി.ടി.എ. മീറ്റിംഗ് & കരിയർ ഓറിയന്റേഷൻ

2023-24 അധ്യയന വർഷത്തെ മൂന്നാം വർഷ വിദ്യാർത്ഥികളുടെ പി.ടി.എ. മീറ്റിംഗ് 11/08/2023 വെള്ളിയാഴ്ച 2 മണിക്ക് ബഹു. കോളേജ് മാനേജർ റവ. മോൺ. ജോസ് കരിവേലിക്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. രാവിലെ 11 മുതൽ വിദ്യാർത്ഥികൾക്കായി കരിയർ ഓറിയന്റേഷൻ ക്ലാസ്സ് ബഹു. സെബാസ്റ്റ്യൻ മാത്യു എടുക്കുകയുണ്ടായി.

## MSC. 54/23 സ്വതന്ത്ര്യ ദിനാഘോഷം 2K23

2023 വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷം 14/08/2023 തിങ്കളാഴ്ച 1.30 pm മുതൽ എൻ.സി.സി, എൻ.എസ്.എസ്., മാനേജ്

മെന്റ് വിഭാഗം, മ്യൂസിക് ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പ്രോഗ്രാം ബഹു. കോളേജ് ബർസാർ ജെയിംസ് പാലയ്ക്കാമറ്റം ഉദ്ഘാടനം ചെയ്തു. എൻ.സി.സി., എൻ.എസ്.എസ്., മാനേജ്മെന്റ് വിഭാഗം, മ്യൂസിക് ക്ലബ് എന്നിവരുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.

## സോഷ്യൽ സർവ്വീസ്

### SS 23/23 ലഹരി വിരുദ്ധ ബോധവത്കരണ ക്യാമ്പയിൻ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ 07/08/2023 തിങ്കളാഴ്ച ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. കുട്ടികളിലും കൗമാരക്കാരിലും കൂടിവരുന്ന ലഹരി ഉപയോഗം, അവ മൂലമുണ്ടാകുന്ന ആരോഗ്യ, സാമൂഹിക, മാനസിക, ശാരീരിക പ്രശ്നങ്ങളെ എങ്ങനെയൊക്കെ നേരിടാം, ലഹരിയെന്നമഹാ വിപത്തിനെ എങ്ങനെ അതിജീവിക്കാം എന്നീ വിഷയങ്ങളെആസ്പദമാക്കിയാണ് ബോധവത്ക്കരണ ക്ലാസ്സ് നടത്തിയത്. ബോധവത്ക്കരണ ക്ലാസ്സ് സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. സിബിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്തു. അധ്യാപകരായ ശ്രീ. സെസ്സിൽ, ശ്രീ. ജെറിൻ, പ്രോജക്ട് കോർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, നിതിൻ വരിക്കയിൽ എന്നിവർ സംസാരിച്ചു.

### SS 24/23 നോമ്പുകാല സംഭാവന (തുടർച്ച)

**20/07/2023 മുതൽ 22/08/2023 വരെ ലഭിച്ച നോമ്പുകാല സംഭാവനകൾ**

| | |
|---|---|
| 1. Nithyasahayamatha Church, Ezhukumvayal | 10000/- |
| 2. St. George Church, Idukki | 1500/- |

### SS 25/23 ജൽ ജീവൻ മിഷൻ കിറ്റ് വിതരണം

ജൽ ജീവൻ മിഷൻപദ്ധതിയുടെ ഭാഗമായി രാജാക്കാട്, ചിന്നക്കനാൽ, നെടുംങ്കണ്ടം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണ സഹായ സംഘടനയായ ഹൈറേഞ്ച് ഡെവലെപ്മെന്റ്

സൊസൈറ്റിയുടെ നേതൃത്വത്തിൽ അംഗൻവാടി കുട്ടികൾക്കുള്ള സ്കൂൾ ബാഗ്, പെൻസിൽ പൗച്ച്, വാട്ടർ ഡിസ്പെൻസർ, വാട്ടർ ബോട്ടിൽ എന്നിവ അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തു. മൂന്ന് പഞ്ചായത്തിലെയും പ്രസിഡന്റുമാർ, വാർഡ് മെമ്പർമാർ, അംഗൻ വാടി ടീച്ചേഴ്സ്, ജൽ ജീവൻ മിഷൻ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പരിപാടികളിൽ സംബന്ധിച്ചു.

# കെ.സി.എസ്.എൽ.

## KCSL 29/23 ലീഡേഴ്സ് ക്യാമ്പ്

2023 ഓഗസ്റ്റ് 4, 5 തീയതികളിൽ അടിമാലി ആത്മജ്യോതി യിൽ വച്ച് ഇടുക്കി രൂപതയിലെ കെ.സി.എസ്.എൽ. ലീഡേഴ്സിനുള്ള ക്യാമ്പ് നടത്തപ്പെട്ടു. 102 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ അമൽ മണിമലകുന്നേൽ അച്ചനും എക്സിക്യൂട്ടീവ് അംഗ ങ്ങളും ക്യാമ്പിൽ സജീവ സാന്നിധ്യമായി ഉണ്ടായിരുന്നു. ക്യാമ്പ് വളരെ വിജയകരമായിരുന്നു.

## KCSL 30/23 സ്വാഗതവും യാത്രാ മംഗളങ്ങളും

കഴിഞ്ഞ ഒരു വർഷക്കാലം കെ.സി.എസ്.എൽ. സംഘട നയെ വളരെ കരുതലോടെ നയിച്ച ബഹുമാനപ്പെട്ട ജേക്കബ് മങ്ങാടം പള്ളിൽ അച്ചൻ B.Ed പഠനത്തിനായി പോയതിനാൽ പകരം ചാർജ് എടുത്ത അമൽ മണിമലക്കുന്നേൽ അച്ചന് സ്വാഗതവും ജേക്കബ് മങ്ങാടംപള്ളി അച്ചന് യാത്രാമംഗളങ്ങളും നേരുന്നതിനായി എക്സി ക്യൂട്ടീവ് അംഗങ്ങൾ ആഗസ്റ്റ് 15 ന് 2.30 pm ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ ഒരുമിച്ച് ചേർന്നു.

## KCSL 31/23 സാഹിത്യോത്സവം

2023 സെപ്റ്റംബർ 16 ന് 5 റീജിയണുകളിൽ വച്ച് സാഹിത്യോ ത്സവം നടത്തപ്പെടുന്നു.

**മത്സരയിനങ്ങൾ**

1. സ്കോളർഷിപ്പ് പരീക്ഷ
2. കവിതാരചന, കഥാരചന, ഉപന്യാസ രചന, ചിത്രരചന

3. ബൈബിൾ ക്വിസ് മത്സരം
4 കെ.സി.എസ്.എൽ ക്വിസ് മത്സരം
5. കൈയ്യെഴുത്ത് മാസിക

## KCSL 32/23 രൂപതാ കലോത്സവം

2023 ഒക്ടോബർ 21 ന് സെന്റ് മേരിസ് ഹയർസെക്കന്ററി സ്കൂൾ മുരിക്കാശ്ശേരി.

**മത്സരയിനങ്ങൾ**

**വ്യക്തിഗത ഇനങ്ങൾ**

1. ലളിതഗാനം ആൺകുട്ടികൾ (5 മിനിറ്റ് )
2. ലളിതഗാനം പെൺകുട്ടികൾ (5 മിനിറ്റ് )
3. പ്രസംഗം (ഇംഗ്ലീഷ് 5 മിനിറ്റ്)
4. പുത്തൻ പാന (5 മിനിറ്റ്) (പീറ്റർ & കോറസ്)
5. മോണോ ആക്റ്റ് (5 മിനിറ്റ് )
6. കഥാപ്രസംഗം (10 മിനിറ്റ് )
7. ഫാ. വില്യം പ്രസംഗം (5 മിനിറ്റ്)
8. ചാവറ പ്രസംഗം (5 മിനിറ്റ്)
9. ഫാ. കദളിക്കാട്ടിൽ പ്രസംഗം (5 മിനിറ്റ്)

**സംഘാത ഇനങ്ങൾ**

10. സ്റ്റഡി സർക്കിൾ (7 പേർ 15 മിനിറ്റ്)
11. കെ.സി.എസ്.എൽ. ഗാനം (7 പേർ 64 സെക്കന്റ്)

**KCSL സ്റ്റഡി സർക്കിൾ വിഷയങ്ങൾ :—**

UP :- മാതാപിതാക്കളും സുഹൃത്തുക്കളും ഗുരുനാഥന്മാരും ദൈവത്താൽ അയക്കപ്പെട്ട മാലാഖമാരാണ്.

HS :- നീ ഒന്നിനും അടിമയാകരുത്, നിന്റെ ശരീരത്തെ നിയന്ത്രിക്കേണ്ടത് നിന്റെ മനസ്സാണ്.

HSS :- ശബ്ദമാകട്ടെ ഇനി നമ്മുടെ ലഹരി, ലഹരിക്കെതിരെ ശബ്ദമുയർത്താൻ നിങ്ങൾക്കാകുമോ.

## HC 34/23 വൈദിക ദിനാചരണം

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തോട നുബന്ധിച്ച് ആഗസ്റ്റ് നാലാം തീയതി തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ ഇടവക വൈദികരെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## HC 35/23 സ്വാതന്ത്ര്യദിന ആഘോഷവും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളും

ആഗസ്റ്റ് 15 ന് കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും വിവിധ ആഘോഷങ്ങളോടെ നടന്നു.

## HC 36/23 വചനോപാസന

തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി നടത്തപ്പെട്ട വചനോപാസന മത്സരത്തിന്റെ ഫൈനൽ റൗണ്ട് മത്സരം 12/8/2023 വിശ്വദീപ്തി പബ്ലിക് സ്കൂൾ അടിമാലിയിലും ഇടുക്കി ന്യൂമാൻ എൽ.പി. സ്കൂളിലും വച്ച് നടത്തപ്പെട്ടു. മൂന്നു വിഭാഗങ്ങളിലായി 70 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**സമ്മാനാർഹരായവർ**

**1, 2 വിഭാഗങ്ങളിൽ**

1st : ഗ്രാന്റാമരിയ ഷാജി, നെടുങ്കണ്ടം - 205 വചനങ്ങൾ
2nd : ഡിയോൺ അനീഷ്, തോപ്രാംകുടി -70 വചനങ്ങൾ
3rd : എയ്ഞ്ചലിന മെറിമൽ, താന്നിക്കണ്ടം -61 വചനങ്ങൾ

**3, 4 വിഭാഗങ്ങൾ**

1st : ജോസിയാ തെരേസ സോബി - 470 വചനം
2nd : ഹന്ന മരിയ ജെന്റീഷ് - 395 വചനം
3rd : മെറിൻ ജെയിംസ് പൊന്നാമല - 290 വചനം

**5, 6 വിഭാഗങ്ങൾ**

1st : ജോയന്നാ മരിയ സോബി, രാജാക്കാട് - 646 വചനം
2nd : സിഖിൽ സിജോ തോപ്രാംകുടി - 500 വചനം
3rd : സിയാന മനോജ് പഴയരിക്കണ്ടം - 325 വചനം

മത്സരത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും ആനിമേറ്റേഴ്സിനും തിരുബാലസഖ്യം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.... ആശംസകൾ.

## HC 37/23 എട്ട് നോമ്പും പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളും

സെപ്റ്റംബർ എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോട് അനുബന്ധിച്ച് കുഞ്ഞുങ്ങൾ പ്രാർത്ഥിച്ചൊരുങ്ങുകയും സാധിക്കുന്നവരെല്ലാം നോമ്പ് എടുത്ത് പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## HC 38/23 ലുത്തിനിയ മാധുര്യത്തോടെ ചൊല്ലാം

പരിശുദ്ധ അമ്മയുടെ ഓരോ വിശേഷനാമങ്ങളും മാധുര്യത്തോടെ ഏറ്റുചൊല്ലി പരിശുദ്ധ അമ്മയുടെ കീർത്തനങ്ങൾ പാടുന്ന ലുത്തിനിയ പ്രാർത്ഥന പരിശുദ്ധ അമ്മയുടെ പിറവി തിരുനാളിനോട് അനുബന്ധിച്ച് കുട്ടികളെ പഠിപ്പിക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. അതുപോലെ തന്നെ ഇത് ശാഖകളിൽ ഒരു മത്സരമായി നടത്തുകയും കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## HC 39/23 മേഖലാ മത്സരങ്ങൾ

തിരുബാലസഖ്യം മേഖലാ മത്സരം സെപ്റ്റംബർ ഇരുപത്തിയേഴാം തീയതി 13 മേഖലകളിലായി നടത്തപ്പെടുന്നതാണ് എന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

## HC 40/23 ഉണ്ണീശോയുടെ ക്യാൻവാസ്

സെപ്റ്റംബർ മാസത്തിലെ ഉണ്ണീശോയുടെ ക്യാൻവാസിലെ പ്രവർത്തനം ഉടനെ തന്നെ നൽകുന്നതാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ കുട്ടികൾ കൃത്യമായി ചെയ്തുവെന്ന് ആനിമേറ്റേഴ്സ് ഉറപ്പ് വരുത്തുമല്ലോ.

## CML 65/23 രൂപതാതല പ്രവർത്തനങ്ങൾ
## വി. വിയാനി ദിനാചരണം

ആഗസ്റ്റ് 4-ാം തീയതി, വൈദികരുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ, രൂപതാ, മേഖലാ, ശാഖാ തലങ്ങളിൽ സമുചിതമായി കൊണ്ടാടി. രൂപതാ തലത്തിൽ നൽകിയ നിർദ്ദേശമനുസരിച്ച് വൈദികരെ ആദരിക്കാനും, അവർക്കു വേണ്ടി പ്രാർത്ഥിക്കാനും, ആശംസകൾ അറിയിക്കാനും, വിയാനി ക്വിസ് നടത്താനും മിഷൻ ലീഗ് അംഗങ്ങൾ ശ്രദ്ധിച്ചു. വിയാനി ഫെസ്റ്റിന്റെ ഭാഗമായി ആഗസ്റ്റ് 1 മുതൽ 4 വരെ തീയതികളിൽ സ്റ്റാറ്റസ് വീഡിയോകൾ തയ്യാറാക്കി.

## CML 66/23 നേതൃത്വ സംഗമം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് - കുഞ്ഞേട്ടന്റെ ഓർമ്മദിനമായ ആഗസ്റ്റ് 11-ാം തീയതി, അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നേതൃത്വ സംഗമം നടത്തി. രൂപതാ മേഖലാ തലങ്ങളിലെ പ്രസിഡുന്റുമാരും, വൈസ് പ്രസിഡന്റുമാരും, രൂപതാ സമിതിയിലെ മറ്റ് അംഗങ്ങളും, സംഗമത്തിൽ പങ്കെടുത്തു.അല്മായ ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ സംഗമത്തിൽ വച്ച്, അല്മായരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഒരുമിച്ച് ഒരു മണിക്കൂർ ദിവ്യകാരുണ്യ സന്നിധിയിൽ നടത്തിയ ആരാധന ഏറെ ദൈവാനുഗ്രഹപ്രദമായിരുന്നു. സി.എം.എൽ. രൂപതാ ഡയറക്ടർ - റവ. ഫാ. ഫിലിപ്പ് ഐക്കര പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

## CML 67/23 സംസ്ഥാന കൗൺസിൽ, കുഞ്ഞേട്ടൻ അനുസ്മരണം

ആഗസ്റ്റ് 12-ാം തീയതി പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വച്ച് നടന്ന സംസ്ഥാന കൗൺസിലിലും കുഞ്ഞേട്ടൻ അനുസ്മരണത്തിലും ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച്, മേഖലാ ഭാരവാഹികളും രൂപതാ സമിതി അംഗങ്ങളും പങ്കെടുത്തു.

## CML 68/23 സാഹിത്യ മത്സരം

2023-24 പ്രവർത്തന വർഷത്തെ രൂപതാതല സാഹിത്യ മത്സരം, ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച, ഏഴ് സെന്ററുകളിലായി നടത്തി. 1696 മിഷൻലീഗ് അംഗങ്ങൾ വിവിധ ഇനങ്ങളിലായി മത്സര ത്തിൽ പങ്കെടുത്തു. രൂപതാ സമിതി അംഗങ്ങളോടൊപ്പം മേഖലാ ഭാരവാഹികളും മത്സരങ്ങൾക്ക് നേതൃത്വം നൽകി.

## CML 69/23 വിഷൻ ക്യാമ്പ്

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യ ത്തിൽ, നാല് സെന്ററുകളിൽ വച്ച്, ദ്വിദിന വിഷൻ ക്യാമ്പ് നടത്തി. Vll, Vlll ക്ലാസുകളിലെ കുട്ടികൾക്കായി ആഗസ്റ്റ് 26, 27 തീയതികളിൽ നടത്തിയ ക്യാമ്പിൽ, 320 കുട്ടികൾ പങ്കെടുത്തു. കുഞ്ഞു മിഷനറി മാരുടെ ഹൃദയങ്ങളിൽ തീക്ഷ്ണതയുടെ തീപ്പൊരി വിതറിയ, ശരി യായ ദർശനത്തിലേയ്ക്ക് തിരിയാൻ അവരെ പ്രേരിപ്പിച്ച വിഷൻ ക്യാമ്പിന്, രൂപതാ സമിതി അംഗങ്ങൾ നേതൃത്വം നൽകി.

## CML 70/23 മേഖലാ കലോത്സവം

രൂപതാ കലോത്സവത്തിന് മുന്നോടിയായി ആഗസ്റ്റ് 31-ാം തീയതി, രൂപതയിലെ പതിമൂന്ന് മേഖലകളിലും കലോത്സവം നടത്തി. വിവിധ കലാരൂപങ്ങളിലൂടെ ആകർഷകമായ വിധത്തിൽ സുവി ശേഷം പ്രഘോഷിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യ ത്തോടെ ക്രമീകരിച്ച കലോത്സവത്തിൽ, മൂവായിരത്തോളം കലാകാ രന്മാരും കലാകാരികളും പങ്കെടുത്തു.വിവിധ മത്സരങ്ങളിൽ പങ്കെ ടുത്ത് വിജയിച്ചവർക്കും ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തിയ ശാഖകൾക്കും സമ്മാനങ്ങൾ നൽകി. മേഖലാ ഭാരവാഹികളോടൊപ്പം രൂപതാ സമിതി അംഗങ്ങളും കലോത്സവത്തിന് നേതൃത്വം നൽകി.

## CML 71/23 മേഖലാതല പ്രവർത്തനങ്ങൾ

**രാജാക്കാട് മേഖല**

ജൂലൈ 28 ന് മേഖലാ ഭാരവാഹികൾ രാജാക്കാടുള്ള കരു ണാഭവൻ സന്ദർശിച്ച് അവരോടൊപ്പം അല്പസമയം ആയിരിക്കു കയും ഒരു നേരത്തെ ഭക്ഷണം കൊടുക്കുകയും ചെയ്തു. ഓഗസ്റ്റ് 4 ന് ഇടവക വൈദികരെ ആദരിച്ചു. ഓഗസ്റ്റ് 8 ന് രാജാക്കാട് മേഖല

യിലുള്ള എല്ലാ വൈദികരും രാജാക്കാട് ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ ഒരുമിച്ചു ചേർന്ന് സമൂഹ ബലി അർപ്പിക്കുകയും അവരെ ആദരിക്കുകയും ചെറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു. അന്നേ ദിനം മേഖല മാർഗ്ഗരേഖ പ്രകാശനം ചെയ്തു. അൽഫോൻസാ ദിനത്തോടനുബന്ധിച്ച് നടന്ന ഉപന്യാസ ചിത്രരചന മത്സരത്തിൽ സമ്മാനാർഹരായ കുട്ടികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

**ചുരുളി മേഖല**

ഓഗസ്റ്റ് നാലാം തീയതി വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് മേഖലയിലെ എല്ലാ വൈദികരെയും ആദരിച്ചു. മേഖലാ മാനേജിംഗ് കമ്മിറ്റി കൂടുകയും മേഖലാ മത്സരത്തെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് ശേഖരിക്കുന്നതിന് വേണ്ടി കൂപ്പൺ ഇറക്കുകയും എല്ലാ ശാഖകളിലും വിതരണം ചെയ്യുകയും ചെയ്തു. കാരുണ്യ സ്പർശം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ഓഗസ്റ്റ് മാസം പതിനഞ്ചാം തീയതി വെള്ളക്കയം ബാലഭവനിലെ കുട്ടികളെ സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. കുട്ടികളോടൊപ്പം ഒരു മണിക്കൂർ മേഖലാ ഭാരവാഹികൾ, ഡയറക്ടർ, അനിമേറ്റർ എന്നിവർ ചെലവഴിച്ചു. ഇരുപത്തിയാറാം തീയതി മേഖലാതലത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം, അൾത്താര ബാലന്മാരുടെ സംഗമം, അല്മായ ദിനം, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ തുടങ്ങിയവ സമുചിതമായി എല്ലാ ശാഖകളിലും ആചരിച്ചു.

**മുരിക്കാശ്ശേരി മേഖലാ**

വി. ജോൺ മരിയ വിയാനി തിരുനാളിനോട് അനുബന്ധിച്ച് മേഖലയുടെ കീഴിലുള്ള ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രധാന അധ്യാപക സംഗമം നടത്തി വൈദികരെ ആദരിച്ചു. അന്നേ ദിവസം 2023-24 ലെ മാർഗ്ഗരേഖ പ്രകാശനം രൂപതാ ഡയറക്ടർ ഫിലിപ്പ് അച്ചൻ നിർവഹിച്ചു. വി. അൽഫോൻസ ക്വിസ്സ് മത്സരം നടത്തി. കൈയെഴുത്ത് മാസിക മത്സരം നടത്തി.

2022-23 പ്രവർത്തന വർഷത്തിലെ മേഖലയിലെ Best

ശാഖയ്ക്ക് ട്രോഫി രാജപുരം ഗോൾഡൻ സ്റ്റാറും കിളിയാർകണ്ടം സിൽവർ സ്റ്റാറും നൽകി ആദരിച്ചു.

**കൂമ്പൻപാറ മേഖല**

മൂന്നു ഷോർട്ടു ഫിലിമുകൾ തയ്യാറാക്കി റിലീസ് ചെയ്തു. കുഞ്ഞേട്ടൻ അനുസ്മരണ നാടൻപാട്ട് എഴുതി തയ്യാറാക്കി ആലപിച്ച് വീഡിയോ നിർമ്മിച്ചു. വിയാനി ദിനത്തോടനുബന്ധിച്ച് ശാഖാ ഡയറക്ടേഴ്സിനെ മേഖലാ ഭാരവാഹികൾ നേരിട്ട് ബൊക്കെയും ആശംസ കാർഡും നല്കി വിഷ് ചെയ്യുകയും മേഖലാ തലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് അതാത് ശാഖകളിൽ വച്ച് സമ്മാനങ്ങൾ നല്കുകയും ചെയ്തു. മേഖലാ കലാ സാഹിത്യ മത്സരത്തോടനുബന്ധിച്ച് മേഖലാ മിഷൻ സ്റ്റാൾ നടത്തി. വിശുദ്ധ പരമ്പരയിലൂടെ പ്രധാന വിശുദ്ധരെ ഓൺലൈനിൽ പരിചയപ്പെടുത്തി. വൈസ് ഡയറക്ടേഴ്സ് ഡേയിൽ ശാഖകളിലെ വൈസ് ഡയറക്ടേഴ്സിനെ ഓൺലൈനിൽ ആശംസകളർപ്പിച്ച് വിഷ് ചെയ്തു. വിയാനി ദിനത്തിൽ ഇടുക്കി രൂപതയിലെ മുഴുവൻ വൈദികരുടെയും പേരും വീട്ടു പേരും ചേർത്ത് ഈശോയുടെ തിരുഹൃദയരൂപം വരച്ച് ആശംസകൾ നേർന്നു. അന്നേ ദിനത്തിൽ ഇടുക്കി രൂപതയിൽ നിന്ന് മരണം മൂലം വേർപിരിഞ്ഞ വൈദികർക്കായി ജപമാല ചൊല്ലി. പതിനഞ്ചു നോമ്പിനൊരുക്കമായി വിവിധ പേരുകളിൽ അറിയപ്പെടുന്ന പരി. അമ്മയെ പരിചയപ്പെടുത്തി. വി. എവുപ്രാസ്യാമ്മയുടെ തിരുന്നാളിനൊരുക്കമായി ഓരോ മൊഴിമുത്തുകൾ ഓരോ ദിവസവും പരിചയപ്പെടുത്തി. മേഖലാ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ഓണത്തോടനുബന്ധിച്ച് വചന പൂക്കള മത്സരം നടത്തി, എല്ലാ ശാഖകളിലെയും ഒരു വീട്ടിൽ ഓണക്കോടി നല്കി. ഭാരത സഭയ്ക്കായി എല്ലാ ദിവസവും വിശ്വാസ പ്രമാണം ചൊല്ലാൻ ആഹ്വാനം ചെയ്ത് പോസ്റ്റർ നിർമ്മിച്ചു. വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയെ പരിചയപ്പെടുത്തിക്കൊണ്ട് ഡോക്യുമെന്ററി തയ്യാറാക്കി.

# കെ.സി.വൈ.എം. (SMYM)

## KCYM 49/23 വയോജന ദിനം

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 23 ന് ലോകവയോജന ദിനം ആചരിച്ചു. രൂപതാ സമിതി അംഗങ്ങൾ ചേർന്ന് വയോജനങ്ങളെ ആദരിക്കുകയും സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

## KCYM 50/23 ബാഡ്മിന്റൺ ടൂർണമെന്റ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രഥമ കായിക ഉത്സവമായ മൈതാനിനോടനുബന്ധിച്ചുള്ള ബാഡ്മിന്റൺ ടൂർണമെന്റ് ജൂലൈ 28 വെള്ളിയാഴ്ച പാവനാത്മ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. കോളേജ് ബർസാർ ഫാ. ജായിസ് മറ്റം ടൂർണമെൻറ് ഉദ്ഘാടനം ചെയ്തു. 30 ഓളം ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു.

## KCYM 51/23 പ്രതിഷേധം

തൃശ്ശൂർ നിയമ കലാലയത്തിൽ വിശുദ്ധ കുരിശിനെ അവഹേളിക്കുന്ന രീതിയിലുള്ള ബോർഡ് സ്ഥാപിച്ച എസ്.എഫ്.ഐ. യുടെ വിലകുറഞ്ഞ നടപടിക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രതിഷേധം അറിയിച്ചു.

## KCYM 52/23 അനുശോചനം രേഖപ്പെടുത്തി

ആലുവയിൽ ദാരുണമായി കൊല്ലപ്പെട്ട ചാന്ദിനി എന്ന പെൺകുട്ടിയുടെ മരണത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപത അനുശോചനം രേഖപ്പെടുത്തി.

## KCYM 53/23 YES LORD Prayer Meeting

കെ.സി.വൈ.എം. ഇടുക്കി രൂപത Spiritual വിങ്ങിന്റെ നേതൃത്വത്തിലുള്ള Monthly prayer meeting ആഗസ്റ്റ് 4 വെള്ളിയാഴ്ച രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ നടത്തപ്പെട്ടു. കെ.സി.വൈ.എം. സൗത്ത് റീജിയൺ ഡയറക്ടർ ബഹു. ജോസഫ് കോയിക്കൽ അച്ചൻ പ്രാർത്ഥനകൾക്ക് നേതൃത്വം വഹിച്ചു.

## KCYM 54/23 ഉപവാസ സമരം

മണിപ്പൂർ കലാപത്തിൽ ഭരണകൂട നിശബ്ദതയ്ക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത ആഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെ ചെറുതോണിയിൽ ഉപവാസ സമരം നടത്തി. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ സമരം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. നിരവധി വൈദികരും സന്യസ്തരും കെ.സി.വൈ.എം. രൂപത, റീജിയൺ, യൂണിറ്റ് ഭാരവാഹികളും സമരത്തിന് അഭിവാദനം അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന സമാപന സമ്മേളനം ഇടുക്കി രൂപത മെത്രാൻ അഭി. മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ.സി. വൈ.എം. യുവജനങ്ങൾ ചെറുതോണി ടൗണിലൂടെ പ്രതിഷേധ പ്രകടനം നടത്തുകയും ചെയ്തു.

## KCYM 55/23 സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനം

തലശ്ശേരി അതിരൂപതയിൽ വച്ച് നടത്തപ്പെട്ട കെ.സി.വൈ.എം സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിന് ഇടുക്കി രൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് കെ.സി.വൈ.എം. ഇടുക്കി രൂപത സമിതി അംഗങ്ങൾ പങ്കെടുത്തു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 53/23 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ഓഗസ്റ്റ് മാസം 17, 18 തീയതികളിൽ, നെടുംകണ്ടം കരുണ അനിമേഷൻ സെൻ്ററിൽവച്ച് ചാപ്ലെൻ ഫാ. ആന്റണി പാറക്കടവിൽ അച്ചന്റെയും, ആനിമേറ്റർ സി. ബ്ലസി സിഎംസി യുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 54/23 Intercession മിനിസ്ട്രി

### Soul Seeker വിശുദ്ധരെ അറിയാൻ

എല്ലാ ബുധനാഴ്ചകളിലും Intercession മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവമാധ്യമങ്ങളിലൂടെ ഒരു വിശുദ്ധനെ പരിചയപ്പെടുകയും, ആ വിശുദ്ധന്റെ ജീവിതമാതൃക പിന്തുടരുവാൻ പരിശ്രമിക്കുകയും, ആ വിശുദ്ധനോട് പ്രത്യേകം മധ്യസ്ഥം യാചിച്ചു പ്രാർത്ഥിക്കുകയും ചെയുന്നു.

## JY 55/23 Friday Cafe ഓൺലൈൻ പ്രയർ ഗ്രൂപ്പ്

വിദേശത്തും സ്വദേശത്തും ആയി വിവിധ മേഖലകളിൽ പഠനത്തിലും ജോലിയിലും ആയിരിക്കുന്ന ആളുകൾ ഒരുമിച്ചു വരുന്ന ഓൺലൈൻ സ്നേഹ കൂട്ടായ്മ എല്ലാ വെള്ളിയാഴ്ചകളിലും കൂടിവരുന്നു. പ്രാർത്ഥനയിലും, പങ്കുവെക്കലിലും, വചന പഠനത്തിനും വേരൂന്നുവാൻ കൂട്ടായ്മ സഹായിക്കുന്നു.

## JY 56/23 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട് അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നു.

## JY 57/23 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജൂലൈ മാസത്തെ ഹൗസ്ഹോൾഡ്, ഓഗസ്റ്റ് മാസം 6-ാം തീയതി തെള്ളിത്തോട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ്ഹോൾഡ് ടീം നേതൃത്വം നൽകിയ പരിപാടി ഏവരുടെയും സജീവസാന്നിധ്യത്താൽ മനോഹരമായി.

## JY 58/23 ഫാമിലി ടീം

### ഫാമിലി പ്രയർ ഗ്രൂപ്പ്സ്

ഫാമിലി ടീമിന്റെ നേതൃത്വത്തിൽ വിവിധ സബ്സോണുകളിലായി ഫാമിലി പ്രയർ ഗ്രൂപ്പുകൾ കൂടി വരുന്നു.

## JY 59/23 ടീൻസ് മിനിസ്ട്രി

### ടീൻസ് ടീം മീറ്റിംഗ്

ടീൻസ് ടീമിന്റെ പ്രഥമ മീറ്റിംഗ് Fr. Bijoy Kizhakethottam V.C. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആനിമേറ്റർ Sr. Nithya CMC, കോർഡിനേറ്റർ അലക്സിയോ എന്നിവർ നേതൃത്വം നൽകി.

### Teens Evangulistic Fellowship Groups

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സുവിശേഷ വൽക്കരണ കൗമാര കൂട്ടായ്മകൾക്ക് നേതൃത്വം നൽകിവരുന്നു.

### ടീൻസ് ലീഡേഴ്സ് മീറ്റ്

ടീൻസ് ലീഡേഴ്സ് മീറ്റ് മുരിക്കാശ്ശേരി സ്നേഹ ഭവനിൽ വച്ച് ഓഗസ്റ്റ് 27, 28 ദിവസങ്ങളിൽ നടത്തപ്പെട്ടു.

### പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

### പാരിഷ് അപ്ഡേറ്റ്സ്

രാജാക്കാട് ക്രിസ്തുരാജ് ദൈവാലയത്തിൽ വച്ച് രാജാക്കാട് പാരീഷ് പ്രയർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തപ്പെട്ടു. 180 ഓളം കുട്ടികൾ പങ്കെടുത്ത ധ്യാനം കുട്ടികളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഏറെ സഹായകരമായി.

## JY 60/23 ക്യാമ്പസ് മിനിസ്ട്രി

### ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 61/23 ജീസസ് യൂത്ത് ഫോർമേഷൻ

### ജീസസ് യൂത്ത് ഫോർമേഷൻ കോതമംഗലം ബേസ് ടീം മീറ്റിംഗ്

ജീസസ് യൂത്ത് ഫോർമേഷൻ കോതമംഗലം ബേസ് ടീം

മീറ്റിംഗ് പതിമൂന്നാം തീയതി രാജാക്കാട് വച്ച് നടത്തപ്പെട്ടു. ഇടുക്കി സോണിൽ നിന്നും ബേസ് ടീം അംഗങ്ങൾ പങ്കെടുത്ത് തുടർന്നു വരുന്ന ഫോർമേഷൻ പ്രോഗ്രാമുകളെ കുറിച്ച് ചർച്ച നടത്തി.

## JY 62/23 ജാഗോ നാഷണൽ കോൺഫറൻസ്

### ജാഗോ യാത്ര : തിരുശേഷിപ്പ് പ്രയാണം

ജാഗോ നാഷണൽ കോൺഫറൻസ് മധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായി വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പുമായി ജാഗോ യാത്ര സെപ്റ്റംബർ മൂന്നാം തീയതി ഇടുക്കി സോണിൽ വിവിധ സബ് സോണുകളിലൂടെ എത്തുന്നു.

### വോളണ്ടിയേഴ്സ് ട്രെയിനിങ്

ജാഗോ കോൺഫറൻസിന് നേതൃത്വം കൊടുക്കുന്ന വോളണ്ടിയേഴ്സിന്റെ ട്രെയിനിങ് ഓഗസ്റ്റ് മാസം 26, 27 തീയതികളിലായി കട്ടപ്പന ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി സോണിൽ നിന്നും 15 വോളണ്ടിയേഴ്സ് പങ്കെടുത്തു.

# മാതൃവേദി

## MV 15/23 പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ

സെപ്റ്റംബർ ഒന്നാം തീയതി മാതാവിന്റെ പിറവി തിരുനാളിന്റെ ഒരുക്കം ആരംഭിക്കുന്നു. എല്ലാ അമ്മമാരും കുമ്പസാരിച്ച് നോമ്പെടുത്ത് പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ കുടുംബങ്ങളെ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുമല്ലോ? ഈ ദിവസങ്ങളിൽ മാതൃവേദിയിലെ അമ്മമാരുടെ അംഗത്വ സ്വീകരണവും സമർപ്പണവും നടത്താൻ ശ്രദ്ധിക്കുമല്ലോ?

## MV 16/23 ബൈബിൾ കൈയെഴുത്ത് മത്സരം

1. ബൈബിൾ കൈയെഴുത്ത് മത്സരത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 30 ആയിരിക്കും. ഗൂഗിൽ ഫോം വഴിയോ നല്കപ്പെട്ടിരിക്കുന്ന ഫോം വഴിയോ രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് താഴെ കൊടുത്തി

രിക്കുന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ നേരിട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയോ ചെയ്യാവുന്നതാണ്.

Name : Diocese of Idukki- Matheruvedhi
A/C 13300100143832
IFSC - FDRL0001330
Federal Bank
Branch : Karimpan

2. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഗ്രൂപ്പിനെ പുനഃക്രമീകരിക്കുന്നു. 10 വയസിൽ താഴെയുള്ള കുട്ടികളെ പുതിയ ഗ്രൂപ്പായി (group F) പരിഗണിക്കുന്നതാണ്. അവർ മക്കബായരുടെ ഒന്നാം പുസ്തകമോ മർക്കോസിന്റെ സുവിശേഷമോ എഴുതിയാൽ മതിയാകും.

3. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി ഒരു പ്രത്യേക ഗ്രൂപ്പ് (group S) ഉണ്ടായിരിക്കും. രണ്ട് വിഭാഗങ്ങളായിട്ടാണ് ഈ ഗ്രൂപ്പിനെ തിരിച്ചിരിക്കുന്നത്.

A - 50 വയസിന് മുകളിൽ
B - 49 വയസിനു താഴെ.

## MV 17/23 ലിബർത്താസ് 2023

മണിപ്പൂരിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചും, ഇന്ത്യൻ സ്വാതന്ത്രദിനത്തോടും, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ചും ഇടുക്കി രൂപതാ മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ "Libertas" എന്ന സംഗീതശില്പം ഒരുക്കി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 77 അമ്മമാർ ഇതിൽ പങ്കാളികളായി. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും മാതൃവേദി രൂപതാ കുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി.

## MV 18/23 ഭക്ഷണ വിതരണം

ഇടുക്കി മാതൃവേദിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 22-ാം തീയതി ഇടുക്കി മെഡിക്കൽ കോളേജിൽ ബെത്‌ലഹേം കാരിത്താസിനോടൊപ്പം ഭക്ഷണ വിതരണം നടത്തി.

## MV 19/23 വിയാനി ദിനാഘോഷവും പ്രീസ്റ്റ് ഹോം സന്ദർശനവും

രൂപതാ മാതൃവേദി അംഗങ്ങൾ ആഗസ്റ്റ് 23-ാം തീയതി വിയാനി ഹോം സന്ദർശിച്ച് ബഹു. വൈദികരോടൊപ്പം വിയാനി പുണ്യവാളന്റെ തിരുനാൾ ആഘോഷിച്ചു. രൂപതാ ഭാരവാഹികൾ വിയാനി ദിനാഘോഷത്തിനു നേതൃത്വം കൊടുത്തു.

## MV 18/23 രൂപതാ എക്സിക്യൂട്ടീവ്

ആഗസ്റ്റ് 23-ാം തീയതി അടിമാലിയിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് നടത്തപ്പെട്ടു. എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

# ഇടുക്കി രൂപതാ കെ.സി.ബി.സി. വിമൻസ് കമ്മിഷൻ

മണിപ്പൂർ കലാപത്തിൽ വിഷമതയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ആവശ്യ സാധനങ്ങൾ എത്തിക്കുന്നതിനായി വിമൻസ് കമ്മീഷൻ അംഗങ്ങൾ സമാഹരിച്ച 25000/- രൂപ രൂപതാ കേന്ദ്രത്തിൽ എത്തിച്ചു.

ഇടുക്കി മെഡിക്കൽ കോളേജിലെ രോഗികൾക്കു ഭക്ഷണം നൽകുന്നതിനു 2 ദിവസത്തേയ്ക്കു വേണ്ട തുക ബത്‌ലെഹം കാരിത്താസ് ഡയറക്ടറച്ചനെ ഏല്പിച്ചു.

ആഗസ്റ്റ് മാസം 17, 18 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടന്ന വനിതാ കമ്മീഷന്റെ ദേശീയ സമ്മേളനത്തിൽ, രൂപതയിൽ നിന്നും 4 കമ്മീഷനംഗങ്ങൾ പങ്കെടുക്കുകയും രൂപതയുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 28/23 ഇടുക്കി സോൺ - ഏകദിന മധ്യസ്ഥ പ്രാർത്ഥന

കരിസ്മറ്റിക് നവീകരണ മുന്നേറ്റം കേരളസഭയിൽ സമാരംഭിച്ചതിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിന്റെ മുന്നോരുക്കമായി നടത്തുന്ന സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ഏകദിന മധ്യസ്ഥ പ്രാർത്ഥന നടത്തി. KCSC സെക്രട്ടറി ബ്രദർ സന്തോഷ് പങ്കെടുത്ത് സന്ദേശം നൽകി. കരിസ്മാറ്റിക് രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് നടുപ്പടവിൽ ആരാധന നയിച്ചു.

## PG 29/23 മണിപ്പൂർ ജനതയ്ക്കു വേണ്ടി മധ്യസ്ഥ പ്രാർത്ഥന

മണിപ്പൂർ ജനതയ്ക്ക് വേണ്ടിയും ക്രൈസ്തവപീഡനം അവസാനിക്കാനുമായി ഇടുക്കി സോണിലെ സബ്സോണുകളുടെ നേതൃത്വത്തിൽ വൈകുന്നേരം 9 മണി മുതൽ 9.30 മണി വരെ ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന കഴിഞ്ഞ മൂന്നുമാസമായി എല്ലാ ദിവസവും നടക്കുന്നു.

## PG 30/23 അഖണ്ഡ ജപമാലയും മധ്യസ്ഥ പ്രാർത്ഥനയും

അടിമാലി സബ്സോണിന്റെ ആഭിമുഖ്യത്തിൽ മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുവാനായി കല്ലാർകുട്ടി സെന്റ് ജോസഫ് ചർച്ച് വികാരി റവ. ഫാ. ജോസഫ് പാറക്കടവിലിന്റെ നേതൃത്വത്തിൽ അഖണ്ഡ ജപമാലയും മധ്യസ്ഥ പ്രാർത്ഥനയും 12.8.2023 ഞായറാഴ്ച നടത്തി.

## PG 31/23 ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ

മങ്കുവ ഇടവകയിൽ 7 ആഴ്ചകളായി നടന്നുവന്ന ലൈഫ് ഇൻ ദി സ്പരിറ്റ് സെമിനാർ 13.8.2023 ഞായറാഴ്ച പൂർത്തിയായി. വികാരി റവ. ഫാ. കുര്യാക്കോസ് മറ്റത്തിൽ കാണിച്ച പ്രത്യേക താൽപര്യത്തിനും സഹകരണത്തിനും ഇടുക്കി സോണിന്റെ നന്ദി രേഖപ്പെടുത്തുന്നു.

## PG 32/23 തൂവാനിസ സോണൽ സർവീസ് ടീം രൂപീകരണം

KCSC തൂവാനിസ മിനിസ്ട്രിയുടെ സന്ദർശനം തൊവരയാർ ഉണ്ണിമിശിഹാ ദൈവാലയത്തിൽ ഏഴാം തീയതി നടന്നു. ഇടുക്കി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് നടുപ്പടവിലും കട്ടപ്പന സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കോയിക്കലും പങ്കെടുത്തു. സഭയിലെ സ്ത്രീകളുടെ പ്രാർത്ഥനാ ജീവിതം എങ്ങനെ പരിപോഷിപ്പിക്കാം എന്നതിനെക്കുറിച്ച് ക്ലാസുകളും ചർച്ചകളും നടന്നു. ഇടുക്കി സോണിൽ ശ്രീമതി ഗ്രേസി  നടുപ്പടവിൽ, നാരകക്കാനം, കോർഡിനേറ്ററായി തൂവാനിസ സർവീസ് ടീം രൂപീകരിച്ചു.

## PG 33/23 സെമിനാർ

വരദാന വളർച്ചാ ധ്യാനത്തിൽ പങ്കെടുത്തവർക്ക് ആത്മീയ വളർച്ച സാധ്യമാക്കാൻ കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ജൂലൈ 23 ന് സെമിനാർ നടത്തി. ബ്രദർ ഷാജി വൈക്കത്തുപറമ്പിൽ സെമിനാർ നയിച്ചു. എല്ലാ മാസവും ആദ്യ ഞായറാഴ്ച ഇവർക്കായുള്ള തുടർ പരിശീലനം നടക്കും.

## PG 34/23 ഈസ്റ്റേൺ സബ് റീജിയൺ കൂട്ടായ്മ

ഓഗസ്റ്റ് പതിനാറാം തീയതി മുരിക്കാശ്ശേരി സെന്റ് മേരിസ് പള്ളിയിൽ വച്ച് കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ഈസ്റ്റേൺ സബ് റീജിയൺ കൂട്ടായ്മ നടന്നു. ആനിമേറ്റർ റവ. ഫാ. ജോസ് നരിതൂക്കിൽ നേതൃത്വം നൽകി. ഇടുക്കി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് നടുപ്പടവിൽ, കട്ടപ്പന സോൺ കോർഡിനേറ്റർ സണ്ണി വരവുകാലാ യിൽ, ഇടുക്കി സോൺ കോർഡിനേറ്റർ ജോസ് കൂട്ടുങ്കൽ എന്നിവർ സന്നിഹിതരായിരുന്നു.

## PG 35/23 സബ്സോൺ സെമിനാറുകൾ

വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട് സബ്സോണുകൾ ആനിമേറ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി.

## PG 36/23 സോൺതല നേതൃത്വ കൂട്ടായ്മ

ഇടവക, സബ്സോൺ എന്നിവയിലെ പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ്, കോർ ടീം അംഗങ്ങൾ, മിനിസ്ട്രി തലത്തിൽ നേതൃത്വം

വഹിക്കുന്നവർ, മുൻകാലങ്ങളിൽ നേതൃത്വത്തിന്റെ ഭാഗമായിരുന്ന വർ എന്നിവരെ ഉൾപ്പെടുത്തി ഓഗസ്റ്റ് 20 ഞായറാഴ്ച 2:30 pm മുതൽ 6:00 pm വരെ കീരിത്തോട് നിത്യസഹായമാതാ ദൈവാലയത്തിൽ വച്ച് സോൺതല നേതൃത്വ കൂട്ടായ്മ നടത്തപ്പെടുന്നു.

## PG 37/23 ഏകദിന ഫോർമേഷൻ

പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് ആയി ഇടുക്കി രൂപതയിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ചവർക്കും, പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് ആയി ശുശ്രൂഷ ചെയ്യുവാൻ താല്പര്യമുള്ളവർ ക്കുമായി ഒരു ഏകദിന ഫോർമേഷൻ ഇരട്ടയാർ പള്ളിയിൽ വച്ച് ഓഗസ്റ്റ് 23 ബുധ്നാഴ്ച്ച 9:30 am മുതൽ 3:40 pm വരെ നടക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

## PG 38/23 കട്ടപ്പന സോൺ – LSS (ലൈഫ് ഇൻസ്പിരിറ്റ് സെമിനാർ)

ഇരട്ടയാർ സെന്റ് തോമസ് ഫോറോനാ ദൈവാലയത്തിൽ, 7 ആഴ്ചകൾ നീണ്ടുനിൽക്കുന്ന LSS പരിശീലനം പൂർത്തിയായി. 54 പേർ അടങ്ങുന്ന ടീം കൂട്ടായ്മകളിൽ LSS നടത്തുന്നതിനുവേണ്ടി തുടർ പരിശീലനം നടത്തി വരുന്നു.

## PG 39/23 LSS കോൺഫ്രൻസ്

കട്ടപ്പന സോണിലെ LSS കൂടിയ എല്ലാവരുടെയും ഒത്തു ചേരൽ 23/08/23 ന് തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു.

## PG 40/23 സോണൽ ഉപദേശക സമിതി

കട്ടപ്പന സോൺ Z A C തൊവരയാർ ഉണ്ണിമിശിഹാ പള്ളി യിൽ വച്ച് നടന്നു. കരിസ്മാറ്റിക് നവീകരണ ജൂബിലിയോടും, സഭാ നവീകരണത്തോടും അനുബന്ധിച്ച്, 'ജ്വാല-2023-2024' ന്റെ ഉദ്ഘാ ടനം ഇടുക്കി രൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. ജോസഫ് നടുപ്പട വിൽ നിർവഹിച്ചു. കട്ടപ്പന സോൺ ആനിമേറ്റർ ഫാ. ജോസഫ് കോയിക്കൽ, സബ്സോൺ കോഡിനേറ്റർമാർക്ക് തിരി തെളിച്ച് നൽകി. ഇടുക്കി രൂപതയിലെ പ്രീച്ചേഴ്സ് ആൻഡ് കൗൺസിലർ സർട്ടിഫിക്കറ്റിന് അർഹരായവർക്കുള്ള സർട്ടിഫിക്കറ്റ് ഇടുക്കി രൂപതാ വികാരി ജനറാൾ പെ. ബ. ജോസ് കരുവേലിക്കലച്ചൻ വിതരണം നടത്തി.

## PG 41/23 കോഡിനേറ്റേഴ്സ് കൂട്ടായ്മ

സോണിലെ ഏഴ് സബ്സോൺ കോഡിനേറ്റർമാരും സോണൽ കോർ ടീമും ബഹു. ആനിമേറ്റർ ജോസഫ് കോയിക്കൽ അച്ചന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 7 ന് ഒത്തുചേർന്ന് ഭാവി പരിപാടി കളെക്കുറിച്ച് പ്ലാൻ ചെയ്തു. ഇടുക്കി രൂപതാ കരിസ്മാറ്റിക്ക് ഡയറ ക്ടർ ഫാ. ജോസ് നടുപ്പടവിൽ സന്ദേശം നൽകി.

## PG 42/23 ഉണർവ്വ്

നവീകരണ നേതൃത്വത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനാ സന്ധ്യ ആഗസ്റ്റ് 14 ന് വൈകിട്ട് 6 മുതൽ 10 വരെ തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. നേതൃനിരയിലുള്ളവർ പങ്കെടുത്തു.

# കുടുംബക്കൂട്ടായ്മ

## SCC 08/23 ഹൃദയനിലങ്ങൾ 2023

ഇടുക്കി രൂപതാ കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ദൈവവചനം ഹൃദിസ്ഥമാക്കാനായി നടത്തപ്പെടുന്ന മത്സര പരിപാ ടിയാണ് ''ഹൃദയനിലങ്ങൾ 2023''. ഇതിന്റെ ഉദ്ദേശ്യങ്ങൾ താഴെ പറ യുന്നവയാണ്.

അനുദിന ജീവിതപ്രതിസന്ധികളിൽപ്പെട്ട് തളർന്നുപോകാതെ ഹൃദിസ്ഥമാക്കിയ ദൈവവചനങ്ങളിൽ ധൈര്യപ്പെട്ട് പ്രത്യാശയോടും ധൈര്യത്തോടുംകൂടെ ജീവിക്കുവാൻ വ്യക്തികളേയും കുടുംബങ്ങ ളേയും സഹായിക്കുക.

ദൈവവചനം മന:പാഠമാക്കിയും അതിനുസഹായിക്കുന്ന മത്സരങ്ങളിലേർപ്പെട്ടും കുടുംബ കൂട്ടായ്മകളെ ശക്തിപ്പെടുത്തുക.

കുടുംബകൂട്ടായ്മാതലം, ഇടവകതലം, ഫൊറോനാതലം, രൂപ താതലം എന്നിങ്ങനെ വിവിധ തലങ്ങളിലാണ് മത്സരം നടത്തപ്പെടു ന്നത്. വിവിധ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്ന ദൈവ വചനങ്ങളുൾക്കൊള്ളുന്ന പുസ്തകം തയ്യാറാക്കി അതിൽ നിന്നാണ് ദൈവവചനങ്ങൾ മനപാഠമാക്കുന്നത്. രൂപതാതലത്തിൽ ആദ്യ 7 സ്ഥാനങ്ങളിലെത്തുന്ന കൂട്ടായ്മകൾക്ക് യഥാക്രമം 25000, 15000,

10000, 7000, 5000, 3000, 1000 രൂപയുടെ സമ്മാനം നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ ഇടവകാവികാരിയച്ചന്മാർ മുഖേന അറിയിക്കുമെന്ന് കുടുംബകൂട്ടായ്മാ രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിലും പ്രസിഡണ്ട് ഷാജി വൈക്കത്തുപറമ്പിലും അറിയിച്ചു.

## കത്തോലിക്കാ കോൺഗ്രസ്

### AKCC 34/23 ഇരട്ടയാർ ഫെറോനാ നേതൃ സംഗമം

കത്തോലിക്കാ കോൺഗ്രസ് ഇരട്ടയാർ ഫെറോന നേതൃ സംഗമം ഇരട്ടയാറ്റിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡണ്ട് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ച നേതൃയോഗം ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവകണ്ടം ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ രൂപതാ ഭാരവാഹികളായ ജോസഫ് ചാണ്ടി, ഷാജി കൊച്ചുപുര, ജോസ് തോമസ്, വിറ്റി തോമസ്, ആഗ്നസ് ബേബി, ജോളി ജോൺ, ഷാജി കുന്നുംപുറം എന്നിവർ പങ്കെടുത്തു

### AKCC 35/23 ഫൊറോനാ ഭാരവാഹികൾ ചുമതലയേറ്റു

കത്തോലിക്കാ കോൺഗ്രസ് ഇരട്ടയാർ ഫെറോനാ ഭാരവാഹികളെ തിരഞ്ഞെടുത്തു. എഴുകുംവയൽ ഇടവകാംഗമായ സോഫി മുള്ളൂർ പ്രസിഡന്റായും, വാഴവര ഇടവകാംഗമായ റെജി തോട്ടപ്പള്ളി ജനറൽ സെക്രട്ടറിയായും ഇരട്ടയാർ ഇടവകാംഗമായ ജോസഫ് അറക്കൽ ട്രഷററും ആയുള്ള പത്ത് അംഗ കമ്മിറ്റിയാണ് ചുമതലയേറ്റത്.

### AKCC 36/23 വിശ്വാസ സംരക്ഷണ റാലിയും സ്വാതന്ത്ര്യ സദസ്സും

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ഇരട്ടയാറ്റിൽ വിശ്വാസ സംരക്ഷണ റാലിയും സ്വാതന്ത്ര്യസദസും ഓഗസ്റ്റ് പതിനഞ്ചാം തീയതി നടത്തപ്പെട്ടു. സ്വാതന്ത്ര്യ സദസ്സ് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം

ചെയ്തു. വിശ്വാസ സംരക്ഷണ റാലി കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ച സ്വാതന്ത്ര്യ സദസ്സിൽ ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് അഡ്വക്കേറ്റ് ബിജു പറയന്നിലം, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, സിജോ ഇലന്തൂർ, സോഫി മുള്ളൂർ, ആഗ്നസ് ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

## AKCC 37/23 ഭീമഹർജി

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മണിപ്പൂർ വിഷയം ശാശ്വതമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും സമർപ്പിക്കുന്ന 5 ലക്ഷം പേർ ഒപ്പിട്ട ഭീമ ഹർജിയിലേക്കുള്ള ഇടുക്കി രൂപതയിൽ നിന്നും ശേഖരിച്ച അറുപതിനായിരത്തോളം ഒപ്പുകൾ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഗ്ലോബൽ സമിതിക്ക് കൈമാറി.

## AKCC 38/23 യൂത്ത് വോക്ക് വിത്ത് മദർ തെരേസ

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ വി. മദർ തെരേസയുടെ ജനന തിരുനാളായ ആഗസ്റ്റ് 26 മുതൽ മരണത്തിരുനാളായ സെപ്റ്റംബർ അഞ്ചുവരെയുള്ള ദിവസങ്ങൾ ദശദിന കാരുണ്യോത്സവമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ''യൂത്ത് വോക്ക് വിത്ത് മദർ തെരേസ'' എന്ന പേരിൽ പ്രോഗ്രാം സംഘടിപ്പിക്കും.

ഇടുക്കി രൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട പത്ത് ജീവകാരുണ്യ സ്ഥാപനങ്ങളിൽ പ്രസ്തുത പ്രോഗ്രാമിന്റെ ഭാഗമായി യൂത്ത് കൗൺസിലിന്റ നേതൃത്വത്തിൽ സദർശനവും, സഹായ വിതരണവും, ആദരവുകളും സംഘടിപ്പിക്കും. യൂത്ത് കൗൺസിൽ ഇടുക്കി രൂപതാ കോഡിനേറ്റർമാരായ സാബു കുന്നുംപുറം, ആദർശ് മാത്യു, റ്റിറ്റോ കൂനംമാക്കൽ, സെസ്സിൽ ജോസ്, ജെയിസൻ ജോസ്, ജിനു വട്ടപ്പാറ എന്നിവർ യൂത്ത് വോക്കിന് നേതൃത്വം നല്കും.

## കെയർ (CARE)

### CA. 01/23 13/08/2023 മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ചു നടന്ന കെയർ സെൻട്രൽ കമ്മിറ്റി മീറ്റിങ്ങിലെ പ്രധാന തീരുമാനങ്ങൾ

1. ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച ജെ.ബി. കോശി കമ്മീഷൻ സർക്കാരിന് മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് ഉടൻ പരിഗണിക്കണമെന്നും അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നും സർക്കാരിനോട് ആവശ്യമുന്നയിക്കാൻ തീരുമാനിച്ചു.
2. കെയറിന്റെ സുഗമമായ നടത്തിപ്പിനായി ഇടവകകൾ തോറും പാരിഷ് കെയർ സംഘടിപ്പിക്കുന്നതിന് തീരുമാനമെടുത്തു.
3. EWS സംവരണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ എല്ലാവരിലേക്കും എത്തിക്കാൻ തീരുമാനിച്ചു.
4. നമ്മുടെ രൂപതയിലെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും വരുന്ന ഡിസംബറിന് മുമ്പായി കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്താൻ തീരുമാനിച്ചു.
5. ഇടുക്കി രൂപതയിലെ മുഴുവൻ കുടുംബങ്ങളുടെയും ഒരു വിവരശേഖരണം നടത്തുന്നതിനായി സർവ്വേ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

### CA. 02/23 പ്രമേയം അവതരിപ്പിച്ച് പാസ്സാക്കി

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി കേരള സർക്കാർ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനെ 2020 ൽ നിയമിച്ചിരുന്നു. ജെ.ബി. കോശി കമ്മിഷൻ കേരള ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കുകയും റിപ്പോർട്ട് 2023 മെയ് 16 ന് ബഹു. കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പരിഗണിക്കണമെന്നും, റിപ്പോർട്ടിലെ നിർദേശങ്ങൾ എത്രയും വേഗം നടപ്പി

ലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2023 ഓഗസ്റ്റ് 20 ശനിയാഴ്ച അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെൻ്ററിൽ കൂടിയ ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ സമ്മേളനം പ്രമേയം പാസാക്കി.

## മദ്യവിരുദ്ധ സമിതി

### MVS 03/23 ഇടുക്കി രൂപതാ കമ്മിറ്റി മീറ്റിങ്ങും പ്രതിഷേധ ജ്വാലയും

മദ്യവിരുദ്ധ സമിതി രൂപതാ കമ്മിറ്റി ഇടുക്കി സെൻ്റ് ജോർജ് ഇടവക ദൈവാലയത്തിൽ വച്ച് 06.08.2023 ൽ നടന്നു. 2.30 ന് ആരാധനയും, പ്രാർത്ഥനയും. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലത്തിൻ്റെ അധ്യക്ഷതയിൽ കമ്മിറ്റി കൂടി സമകാലിക വിഷയങ്ങൾ ചർച്ച ചെയ്തു. ജനറൽ സെക്രട്ടറി റോജസ് എം. ജോർജ് സ്വാഗതം ആശംസിച്ചു. പ്രസിഡൻ്റ് സിൽബി ചുനയംമാക്കൽ ചർച്ചകൾ നയിച്ചു. ഫോറോനാ തലത്തിൽ ലഹരി വിരുദ്ധ കൺവെൻഷനുകൾ നടത്തി. ഇടവക തലത്തിൽ മദ്യ വിരുദ്ധ സമിതികൾ രൂപീകരിച്ചുകൊണ്ട് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ തീരുമാനം എടുത്തു. അതിലേയ്ക്ക് ഓരോരുത്തരെ ചുമതലപ്പെടുത്തി. സ്കൂൾ കുട്ടികൾക്കായി പ്രസംഗം, ഉപന്യാസം മത്സരങ്ങൾ കെ.സി.എസ്.എൽ.മായി സഹകരിച്ചു നടത്തും. സർക്കാരിൻ്റെ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധിച്ചു കൊണ്ട് വിവിധ കേന്ദ്രങ്ങളിൽ പ്രതിഷേധ ജ്വാലകൾ സംഘടിപ്പിക്കും. ഇതിൻ്റെ മുന്നോടിയായി രൂപതാ കമ്മിറ്റി മീറ്റിംഗിന് ശേഷം ഇടുക്കി ടൗണിൽ പന്തം കൊളുത്തി പ്രതിഷേധജ്വാല നടത്തി. ഇടവകാംഗങ്ങളും സിസ്റ്റേഴ്സും, കുട്ടികളും ഉൾപ്പെടെ ആളുകൾ ഇതിൽ പങ്കാളികളായി. സിസ്റ്റർ ലീജ എസ് ഡി, മൈക്കിൾ വാഴയിൽ, ജോസഫ് മ്രാല, ജോയി ചിമ്മിനിക്കാട്ട്, ടോമി മുതനാട്ട്, ബിനോയ് കളത്തിക്കുന്നേൽ, ബിജു കളപുരയിൽ തുടങ്ങിയവർ നേതൃത്വം നൽകി. ആറു മണിയോടെ പരിപാടികൾ അവസാനിച്ചു.

**AJ. 05/23 സെപ്റ്റംബർ മാസത്തിലെ Marriage Preparation Course**

01, 02, 03 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നത് ആയിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയോ ഫോൺ വഴിയോ ബുക്ക് ചെയ്യേണ്ടതാണ്.

www.atmajyothi.site
Ph: 6235931254, 8078755919, 9400092632

**AJ. 06/23 ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്**

ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ A1&A2 ഒക്ടോബർ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. അന്വേഷണങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Ph: 9496338577, 9400092632
www.atmajyothi.site



## കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

### KAC. 01/23 ദൈവകരുണയുടെ വിശുദ്ധീകരണ ധ്യാനം

സെപ്റ്റംബർ മാസം 10-ാം തീയതി വൈകിട്ട് 5 മണി മുതൽ 14-ാം തീയതി രാവിലെ 8 മണി വരെ ദൈവകരുണയുടെ വിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു.

### KAC. 02/23 പ്രവാചക മധ്യസ്ഥ പ്രാർത്ഥനാ ധ്യാനം

സെപ്റ്റംബർ മാസം 20-ാം തീയതി മുതൽ 24-ാം തീയതി വരെ ഷെവലിയാർ സിറിൽ ജോൺ (Co-ordinator Charis International Intereession) നയിക്കുന്ന പ്രവാചക മധ്യസ്ഥ പ്രാർത്ഥനാ ധ്യാനം നടത്തപ്പെടുന്നു.

### KAC. 03/23 കുട്ടികൾക്കായുള്ള ഏകദിന കൺവെൻഷൻ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ കുട്ടികൾക്കായുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

### KAC. 04/23 ശനിയാഴ്ച ആരാധനയും പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും

മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 4.30 മുതൽ 8.30 വരെ ശനിയാഴ്ച ആരാധനയും പരിശുദ്ധ കുർബാനയും വചന പ്രഘോഷണവും ഉണ്ടായിരിക്കുന്നതാണ്.

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം: ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി കേരള സർക്കാർ ജസ്റ്റിസ് ജെ. ബി കോശി കമ്മീഷനെ 2020 ൽ നിയമിച്ചിരുന്നു. ജെ.ബി. കോശി കമ്മിഷൻ കേരള ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കുകയും റിപ്പോർട്ട് 2023 മെയ് 16 ന് ബഹു. കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പരിഗണിക്കണമെന്നും, റിപ്പോർട്ടിലെ നിർദേശങ്ങൾ എത്രയും വേഗം നടപ്പിലാക്കണമെന്നും ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ ബഹു. കേരള സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസാക്കി. ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വികാരി ജനറാൾമാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ അബ്രഹാം പുറയാറ്റ്, മോൺ. ജോസ് കരിവേലിക്കൽ എന്നിവർ പ്രസംഗിച്ചു. കെയർ ഇടുക്കി രൂപത സെക്രട്ടറി ദീപക് കൊച്ചുപുരയ്ക്കൽ പ്രമേയം അവതരിപ്പിച്ചു.

## ക്രൈസ്തവ സംഭാവനകൾ തമസ്കരിക്കപ്പെടുന്നു: മാർ ജോൺ നെല്ലിക്കുന്നേൽ

ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തിൽ മഹത്തായ സംഭാവനകൾ നല്കിയ സമൂഹമാണ് ക്രൈസ്തവ വിഭാഗമെന്നും ചരിത്രത്തെ തമസ്കരിക്കുന്ന പ്രവർത്തനമാണ് ഇന്ന് രാജ്യത്ത് നടമാടുന്നതെന്നും ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നടത്തിയ വിശ്വാസ സംരക്ഷണ റാലിയും സ്വാതന്ത്ര്യസദസും ഇരട്ടയാറ്റിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

‘‘ആസാദി കാ അമൃത് മഹോത്സവ’’മെന്ന പേരിൽ സ്വാതന്ത്ര്യത്തിന്റെ 76-ാം വാർഷികം ആഘോഷിക്കുമ്പോഴും ഇന്ത്യയുടെ മനഃസാക്ഷിക്ക് ക്ഷതമേൽപ്പിക്കുന്ന വിധത്തിലുള്ള കലാപമാണ് മണിപ്പൂരിൽ നടക്കുന്നത്. ആ കലാപത്തെ മറ്റു വഴികളിലേക്ക് പടർന്നു പിടിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട ഭരണകൂടം നിസംഗത തുടരുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മതേതരത്വ മൂല്യങ്ങൾ സംരക്ഷിക്കേണ്ട അധികാര വർഗങ്ങൾ വംശഹത്യകൾക്കും കൂട്ടക്കുരുതികൾക്കും വിശ്വാസഅവഹേളനങ്ങൾക്കും അതുവഴി വർഗീയ ധ്രുവീകരണങ്ങൾക്കും നേതൃത്വം നൽകുന്നത് എതിർക്കപ്പെടേണ്ടതും ചോദ്യം ചെയ്യപ്പെടേണ്ടതുമാണ്. ഈ സാഹചര്യത്തിലാണ് കത്തോലിക്കാ കോൺഗ്രസ് സ്വാതന്ത്ര്യദിനത്തിൽ സ്വാതന്ത്ര്യസദസ്സ് സംഘടിപ്പിച്ചത്.

വിശ്വാസ സംരക്ഷണറാലി കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് ഇരട്ടയാർ ടൗണിൽ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സ്വാതന്ത്ര്യ സദസിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ സ്വാതന്ത്ര്യദിന സന്ദേശം നൽകി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ സ്വാതന്ത്ര്യ സദസ്സിൽ വിഷയാവതരണം നടത്തി. ശ്രീ. സിജോ ഇലന്തൂർ, ഫാ. ജിൻസ് കാരയ്ക്കാട്ട് എന്നിവർ പ്രസംഗിച്ചു.

മല്പാൻ മാത്യു വെള്ളാനിക്കൽ


# സുവിശേഷം: യഥാർത്ഥജ്ഞാനം

## (തിരുവചനഭാഗം: 1 കോറിന്തോസ് 2,1–16)

മിശിഹായുടെ സുവിശേഷമാണ് യഥാർത്ഥ ജ്ഞാനമെന്ന് ഈ അദ്ധ്യായത്തിൽ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം (2,1–2)
2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ (2,3–5)
3. സുവിശേഷം മാനുഷികവിജ്ഞാനമല്ല (2,6–9)
4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ് (2,10–13)
5. ആത്മാവു നല്കുന്ന വിവേചനം (2,14–16)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം

*"സഹോദരരേ, ഞാൻ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ ദൈവത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയത് വാഗ്വിലാസത്താലോ വിജ്ഞാനത്താലോ അല്ല. നിങ്ങളുടെയിടയിലായിരുന്നപ്പോൾ ഈശോമിശിഹായെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു"* (2,1–2).

പൗലോസ് കോറിന്തോസിലായിരുന്നപ്പോൾ സാക്ഷ്യം നല്കിയത് ക്രൂശിതനായ ഈശോമിശിഹായെക്കുറിച്ചുമാത്രമാണ്. 'ക്രൂശിതനായ' എന്ന വർത്തമാനകാല പ്രയോഗമാണ് ഇവിടെ കാണുന്നത്. അതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഈശോ ഇപ്പോഴും ക്രൂശിക്കപ്പെട്ടവനാണ്. ക്രൂശിക്കപ്പെട്ടവന്റെ മുറിവുകൾ അവന്റെ മഹത്ത്വത്തിന്റെ പതാകയാണ്. കുരിശുമരണം മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു (ശ്ലീഹ 2,23). മനുഷ്യന്റെ പാപവും

ദൈവനിഷേധവും ഈശോയുടെ കുരിശിലെ ബലിയർപ്പണം ആവശ്യമാക്കിത്തീർത്തു (റോമാ 5,14). മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥമുള്ള മിശിഹായുടെ മരണത്തെക്കുറിച്ചുള്ള സന്ദേശമാണ് പൗലോസ്ശ്ലീഹായുടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം.

സഹിക്കുകയും ശപിക്കപ്പെട്ടവനെപ്പോലെ വധിക്കപ്പെടുകയും ചെയ്യപ്പെടുന്ന 'ദൈവത്തിന്റെ അഭിഷിക്തൻ' യഹൂദർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരുന്നില്ല. മിശിഹാ ഏവർക്കും വേണ്ടി ക്രൂശിക്കപ്പെട്ടു എന്നത് ദൈവത്തിന്റെ രഹസ്യമാണ്. മനുഷ്യബുദ്ധിക്ക് അജ്ഞാതവും അഗ്രാഹ്യവുമായ സത്യമാണ്. കൊളോസോസുകാർക്കെഴുതിയ ലേഖനത്തിൽ ശ്ലീഹാ ഇതു വ്യക്തമായി പറയുന്നുണ്ട്: "യുഗങ്ങളുടെയും തലമുറകളുടെയും ആരംഭംമുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന ഈ രഹസ്യവും ഇപ്പോൾ അവിടന്നു തന്റെ വിശുദ്ധർക്കു വെളിപ്പെടുത്തിയിരിക്കുന്നു. ഈ രഹസ്യത്തിന്റെ മഹത്ത്വം വിജാതീയരുടെയിടയിൽ എത്ര ശ്രേഷ്ഠമാണെന്നു വിശുദ്ധർക്കു വ്യക്തമാക്കിക്കൊടുക്കുവാൻ അവിടന്നു തീരുമാനിച്ചു. ഈ രഹസ്യമാകട്ടെ മഹത്ത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ മിശിഹാ നിങ്ങളിലുണ്ട് എന്നതുതന്നെ" (കൊളോ 1,26-27). ഉത്ഥിതനായ മിശിഹാ തോമാശ്ലീഹായെ ക്ഷണിക്കുന്നത് തന്റെ കൈകൾ കാണാനും കൈനീട്ടി തന്റെ പാർശ്വത്തിൽ വയ്ക്കാനുമാണ് (യോഹ 20,27). അതുകൊണ്ട് ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. ഈ വസ്തുത അജപാലകരും അജഗണങ്ങളും ഒരിക്കലും വിസ്മരിക്കരുത്.

### 2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ

*"നിങ്ങളുടെ മുമ്പിൽ ഞാൻ ദുർബലനും ഭയചകിതനുമായിരുന്നു. എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്"* (2,3-5).

കോറിന്തോസുകാരോടു സുവിശേഷം പ്രഘോഷിച്ചപ്പോൾ താൻ ദുർബലനും ഭയചകിതനുമായിരുന്നു എന്ന് പൗലോസ്ശ്ലീഹാ

ഓർമ്മിക്കുന്നു. മാത്രവുമല്ല, തന്റെ പ്രസംഗവും വചനവും വാഗ്വിലാസത്തോടെയുള്ളതുമായിരുന്നില്ല എന്നും പറയുന്നു. ശ്ലീഹാ ദുർബലനാകാൻ കാരണമെന്തെന്ന് നമുക്കു വ്യക്തമല്ല. ഫിലിപ്പിയായിലും തെസലോനിക്കായിലും ബെറോയായിലും സംഭവിച്ച ശാരീരിക പീഡനങ്ങൾ ഇതിനു കാരണമാകാം (ശ്ലീഹ 16-18). പൗലോസ്ശ്ലീഹായുടെ ശാരീരിക വൈകല്യവും അതിനു കാരണമായിരുന്നിരിക്കാം (2 കോറി 12,7-8). ഇവയ്ക്കെല്ലാം ഉപരിയായി കേൾവിക്കാരുടെ വിശ്വാസരാഹിത്യവും മറ്റുള്ളവരുടെ നിരുത്സാഹപ്പെടുത്തലും അദ്ദേഹത്തെ ദുർബലനും ഭയചകിതനുമാക്കിയിരിക്കാം (ശ്ലീഹ 18,9-10). എന്നാൽ ഈ കുറവുകളൊന്നുമല്ല പൗലോസ്ശ്ലീഹായുടെ പ്രസംഗത്തിന് വിജയമോ പരാജയമോ നല്കിയത്; സുവിശേഷത്തിന്റെ പ്രസക്തിയും അരൂപിയുടെ ശക്തിയുമാണ്.

സുവിശേഷപ്രഘോഷകന്റെ ജീവിതവും വിശ്വാസികളുടെ സമൂഹത്തിന്റെ വിശ്വാസാടിസ്ഥാനവും ഇവിടെ ഒന്നാകുന്നു. കോറിന്തോസിലായിരുന്നപ്പോൾ ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ല എന്നു പൗലോസ്ശ്ലീഹാ തീരുമാനിക്കുന്നു. ലൗകികവിജ്ഞാനം ആർജ്ജിക്കാൻ ശ്ലീഹായ്ക്കു സാധ്യതകളുണ്ടായിരുന്നു എന്നതു തീർച്ചയാണ്. എന്നാൽ അവയെക്കാളെല്ലാമുപരി ക്രൂശിതനെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടുക വഴി കുരിശിന്റെ ഭോഷത്തം എന്ന അത്യുദാത്തമായ വിജ്ഞാനം തന്റെ സഹോദരങ്ങൾക്കു പങ്കുവയ്ക്കാൻ കഴിയും എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതോടൊപ്പം മാനുഷികമായ പരിമിതികളും ദൗർബല്യങ്ങളും പൗലോസ്ശ്ലീഹായ്ക്കുണ്ടായിരുന്നു. എന്നാൽ അവയൊന്നും കുരിശിന്റെ ഭോഷത്തം പങ്കുവയ്ക്കുന്നതിന്റെ ശക്തി കുറയ്ക്കുകയല്ല, വർദ്ധിപ്പിക്കുകയാണു ചെയ്തത്. അജപാലകരുടെ അജപാലനശുശ്രൂഷയുടെ പ്രവർത്തനക്ഷമത അടങ്ങിയിരിക്കുന്നത് സുവിശേഷത്തിന്റെ പ്രസക്തിയിലും അരൂപിയുടെ ശക്തിയിലുമാണ്.

### 3. സുവിശേഷം മാനുഷികവിജ്ഞാനമല്ല

*"എന്നാൽ, പക്വമതികളോടു ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷേ, ലൗകികവിജ്ഞാനമല്ല; ഈ ലോകത്തിന്റെ നാശോന്മുഖരായ അധികാരികളുടെ വിജ്ഞാനവുമല്ല. രഹസ്യവും*

*നിഗൂഢവുമായ ദൈവികജ്ഞാനമാണു ഞങ്ങൾ പ്രസംഗിക്കുന്നത്. അതു നമ്മുടെ മഹത്ത്വത്തിനായി യുഗങ്ങൾക്കുമുമ്പുതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതുമാണ്. ഈ ലോകത്തിന്റെ അധികാരികളിൽ ആർക്കും അതു ഗ്രഹിക്കാൻ സാധിച്ചില്ല; സാധിച്ചിരുന്നെങ്കിൽ മഹത്ത്വത്തിൻെറ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുമായിരുന്നില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല"* (2,6-9).

ലൗകികവിജ്ഞാനവും സുവിശേഷവും പരസ്പര വിരുദ്ധമാണെന്നു സ്ഥാപിച്ച പൗലോസ്ശ്ലീഹാ, തുടർന്ന് സുവിശേഷമാണ് യഥാർത്ഥ ജ്ഞാനം എന്നു വ്യക്തമാക്കുന്നു. ലോകത്തിലെ ജ്ഞാനികളും ശക്തരും സുവിശേഷസന്ദേശത്തെയും സന്ദേശവാഹകരെയും അപമാനിച്ചു. എന്നാൽ യഥാർത്ഥമായ ജ്ഞാനം ക്രൂശിതന്റേതാണ്. മിശിഹായുടെ കുരിശുമരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതി യാഥാർത്ഥ്യമാക്കിത്തീർത്തു എന്നതാണ് എല്ലാറ്റിലും മൂല്യവത്തായ അറിവ്. കുരിശിന്റെ സന്ദേശം സ്വീകരിച്ചവർ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. നേരെമറിച്ച് ഈ ലോകത്തിന്റെ അറിവിലും വിശ്വാസത്തിലും ഇനിയും കഴിയുന്നവർ ലക്ഷ്യത്തിൽ എത്തുന്നില്ല. ദൈവം നല്കുന്നവ, അവ ലോകദൃഷ്ടിയിൽ ഭോഷത്തമെന്നു തോന്നിയാലും, സ്വീകരിക്കുകയാണ് യഥാർത്ഥ പക്വത. അതുമാത്രമേ ജീവിതത്തിനു ലക്ഷ്യം നല്കുകയുള്ളൂ.

സുവിശേഷപ്രഘോഷകൻ പ്രസംഗിക്കുന്ന ദൈവത്തിന്റെ വിജ്ഞാനം രഹസ്യവും നിഗൂഢവുമാണ്. മിശിഹായിലൂടെ വെളിവാക്കപ്പെട്ട സുവിശേഷമാണത്. ലോകത്തിന്റെ വിജ്ഞാനത്തിനു ഗ്രഹിക്കാൻ കഴിയാത്ത യാഥാർത്ഥ്യമെന്നതിനാലാണ് രഹസ്യമെന്ന് അതിനെ വിശേഷിപ്പിക്കുന്നത്. ദൈവം ഇതു നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ ആത്മാവുമുഖേനയാണ് ദൈവം ഇതു വെളിവാക്കുന്നത്. യുഗങ്ങൾക്കുമുമ്പേതന്നെ ദൈവം നിശ്ചയിച്ച കാര്യമാണിത്. യുഗാരംഭത്തിനുമുമ്പേ ദൈവം നിശ്ചയിച്ച പദ്ധതിയാണ് നമ്മുടെ മഹത്ത്വത്തിനായുള്ള സുവിശേഷം. ഈ സുവിശേഷം സ്വീകരിച്ചവരെന്ന നിലയിൽ അതു ജീവിക്കുവാനും പ്രഘോഷിക്കു

വാനും എല്ലാ ക്രൈസ്തവരും കടപ്പെട്ടിരിക്കുന്നു. അതേപ്പറ്റി വിശ്വാസികളെ ബോധവൽക്കരിക്കുവാൻ അജപാലകരും കടപ്പെട്ടിരിക്കുന്നു.

**4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ്**

*"എന്നാൽ, നമുക്കു ദൈവം അതെല്ലാം ആത്മാവുമുഖേന വെളിപ്പെടുത്തിത്തന്നിരിക്കുന്നു. എന്തെന്നാൽ, ആത്മാവ് എല്ലാക്കാര്യങ്ങളും, ദൈവത്തിൻെറ നിഗൂഢരഹസ്യങ്ങൾപോലും, അന്വേഷിച്ചു കണ്ടെത്തുന്നു. മനുഷ്യന്റെ അന്തർഗതങ്ങൾ അവൻെറ ആത്മാവല്ലാതെ മറ്റാരാണറിയുക? അതുപോലെതന്നെ, ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കുക ദൈവാത്മാവിനല്ലാതെ മറ്റാർക്കും സാധ്യമല്ല. നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിന്റെ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻ വേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്. തന്നിമിത്തം, ഞങ്ങൾ ഭൗതികവിജ്ഞാനത്തിൻെറ വാക്കുകളിൽ പ്രസംഗിക്കുകയല്ല, ആത്മാവു ഞങ്ങളെ പഠിപ്പിച്ചതനുസരിച്ച് ആത്മാവിൻെറ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയ സത്യങ്ങൾ വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്"* (2,10-13).

ദൈവികപദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ലൗകികജ്ഞാനികൾക്കല്ല, നിസ്സാരരായ ക്രിസ്തീയവിശ്വാസികൾക്കാണ്. ഇവ വെളിപ്പെടുത്തപ്പെട്ടവയാണെന്നതിനാൽ സ്വീകരിച്ചവർക്ക് അഭിമാനത്തിനു വകയില്ല. ദൈവത്തിന്റെ ആഴമായ രഹസ്യങ്ങൾ ദൈവാത്മാവിനുമാത്രമേ ഗ്രഹിക്കാനും വെളിപ്പെടുത്താനും കഴിയുകയുള്ളൂ. ദൈവത്തിന്റെ രഹസ്യങ്ങൾ എപ്രകാരമാണ് ദൈവാത്മാവു വെളിപ്പെടുത്തുന്നത് എന്നു വ്യക്തമാക്കാൻ മനുഷ്യനും അവന്റെ ആത്മാവും തമ്മിലുള്ള ബന്ധത്തിന്റെ ഉദാഹരണം ഉപയോഗിച്ചിരിക്കുന്നു. ഒരാളുടെ ചിന്തകളും മനസ്സിലുള്ളവയും അയാൾക്കുമാത്രമേ അറിയാവൂ. അതുപോലെ ദൈവികപദ്ധതികൾ അറിയാനും വെളിപ്പെടുത്താനും ദൈവാത്മാവിനുമാത്രമേ സാധിക്കുകയുള്ളൂ.

ക്രൈസ്തവരുടെ വിശ്വാസവും വിശ്വാസാടിസ്ഥാനത്തിലുള്ള ബോധ്യങ്ങളും ദൈവാത്മാവിന്റെ പ്രവർത്തനഫലമാണ്. അതുകൊണ്ട് പരിശുദ്ധാത്മാവിനോടു തുറവിയുള്ളവർക്കേ വിശ്വാസ

ത്തിലും വിശ്വാസാധിഷ്ഠിതമായ ബോധ്യങ്ങളിലും വളരാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ തങ്ങളുടെ വിശ്വാസവും ബോധ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ അതു കേൾക്കുവാനും സ്വീകരിക്കുവാനും അവരെ പ്രാപ്തരാക്കുന്നതും പരിശുദ്ധാത്മാവു തന്നെയാണ്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹം പ്രഘോഷണശേഷിയുള്ള സമൂഹമാകണമെങ്കിൽ അവർ ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കുന്നവരായിരിക്കണം. അപ്രകാരം ജീവിക്കുവാൻ അജപാലകർക്കും അജഗണങ്ങൾക്കും സാധിച്ചെങ്കിൽമാത്രമേ ക്രൈസ്തവസമൂഹം സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമാവുകയുള്ളൂ.

**5. ആത്മാവു നല്കുന്ന വിവേചനം**

*"ലൗകിക മനുഷ്യനു ദൈവാത്മാവിൻെറ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയമനുഷ്യൻ എല്ലാ കാര്യങ്ങളും വിവേചിച്ചറിയുന്നു. അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല. കർത്താവിനെ പഠിപ്പിക്കാൻ തക്കവിധം അവിടുത്തെ മനസ്സ് അറിഞ്ഞവൻ ആരുണ്ട്? ഞങ്ങളാകട്ടെ മിശിഹായുടെ മനസ്സ് അറിയുന്നു"* (2,14-16).

വിവേചനത്തിന്റെ ആവശ്യകതയാണ് ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നത്. ലൗകികമനുഷ്യരും ആത്മീയമനുഷ്യരും ദൈവികജ്ഞാനം ഗ്രഹിക്കുന്ന കാര്യത്തിൽ ഭിന്നരാണ്. ലൗകികമനുഷ്യനെന്നാൽ, ദൈവാത്മാവിനാൽ നയിക്കപ്പെടാതെ, പ്രകൃതിയുടെ വാസനങ്ങൾക്കനുസരിച്ചു ജീവിക്കുന്നയാളെന്നാണർത്ഥം. ദൈവാത്മാവിനാൽ നയിക്കപ്പെടാത്തവർക്ക് ആത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കാൻ കഴിയുകയില്ല. അവർ അവ തിരസ്ക്കരിക്കുന്നു. അവരെ സംബന്ധിച്ച് ആത്മാവിന്റെ കാര്യങ്ങൾ ഭോഷത്തമാണ്. ഈലോകത്തിന്റെ കാഴ്ചപ്പാടിൽമാത്രം കാണുന്നവർക്ക്, ആത്മീയകാര്യങ്ങളെ ആയിരിക്കുന്നതുപോലെ വിലയിരുത്താൻ കഴിയുകയില്ല. ആത്മീയരായി ജീവിക്കുന്നവർക്കുമാത്രമേ ആത്മീയകാര്യങ്ങൾ ഗ്രഹിക്കുവാനും സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

ദൈവികകാര്യങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന 'ഞങ്ങൾ' മിശിഹായുടെ മനസ്സറിയുന്നു എന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്. 'ഞങ്ങൾ' എന്നതിൽ എല്ലാ വിശ്വാസപ്രബോധകരെയും ശ്ലീഹാ ഉൾപ്പെടുത്തുന്നു. പൗലോസും പത്രോസും അപ്പോളോയുമെല്ലാം അപ്രകാരം ഏകമനസ്സോടും ഏകാത്മാവോടുംകൂടിയാണ് സുവിശേഷശുശ്രൂഷ ചെയ്യുന്നത്. ദൈവാരൂപിയാൽ നയിക്കപ്പെടുന്ന മനുഷ്യർ തങ്ങളെത്തന്നെ ഉയർത്തിക്കാട്ടി കക്ഷിമത്സരങ്ങൾ സൃഷ്ടിക്കില്ല. അത്തരം ചിന്തകൾ ലോകത്തിന്റെ കാഴ്ചപ്പാടുള്ളവരുടേതാണ്. അതു ക്രൂശിതന്റെ സുവിശേഷസന്ദേശത്തിനു വിരുദ്ധവുമാണ്. സുവിശേഷത്തിൽ വിശ്വസിക്കുന്നവരും സുവിശേഷപ്രഘോഷകരുമായ സഭാസമൂഹം ദൈവാത്മാവിനോടു തുറവിയുള്ളവരും ദൈവാത്മാവിലുള്ള ഐക്യത്തിൽ ജീവിക്കുന്നവരുമായിരിക്കണം.

**ജീവിതസൂചിക**

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം എന്റെ ജീവിതത്തിന്റെയും പ്രഘോഷണത്തിന്റെയും അടിസ്ഥാനമാണോ?
2. സുവിശേഷത്തിന്റെ ചൈതന്യത്തിലും അരൂപിയുടെ ശക്തിയിലും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
3. സുവിശേഷം ജീവിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
4. ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ഏകാത്മാവോടും ഏകമനസ്സോടുംകൂടെ സുവിശേഷശുശ്രൂഷ ചെയ്യുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

# മണിപ്പൂരിനുവേണ്ടി.....



മാതൃവേദി - LIBERTAS




കെ.സി.വൈ.എം ഉപവാസ സമരം



എ.കെ.സി.സി സ്വാതന്ത്ര്യ സദസ്സ്

Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/09/2023

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498

# വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ



സെപ്റ്റംബർ 14

**മാർപാപ്പയുടെ പ്രാർത്ഥനാ നിയോഗം സെപ്റ്റംബർ 2023**



മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന
സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട
ആളുകൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602